# മരിയദൂത്

A Schoenstatt Movement Publication



## കനകതാരം

















# മരിയദൂത്

**ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക**

**2017 December - 2018 January - February**

**2017 ഡിസംബർ – 2018 ജനുവരി–ഫെബ്രുവരി**



രക്ഷാധികാരി

**വെ. റവ. ഫാ. ജോയ് മഠത്തുംപിടി** ISch

ചീഫ് എഡിറ്റർ

**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch

Mob: 9400417552

എഡിറ്റർ :

**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ

**ഫാ. ബിനോയ് പാണേൽ** ISch

എഡിറ്റോറിയൽ ബോർഡ്

**റവ. ഡോ. ജോയ് പുതുശ്ശേരി** ISch

**ഫാ. ജിജു കിലുക്കൻ** ISch

**ഫാ.ബിജോയ് കൊട്ടേക്കുടിയിൽ** ISch

**ഫാ. പ്രവീൺ വാതേലിൽ** ISch





Cover Design:
**Saltt Media**

# താളുകളിലൂടെ......

**ലേഖനങ്ങൾ**


രക്ഷകന്റെ അമ്മ നമ്മുടെയും അമ്മ - **മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

ജ്ഞാനികൾ - **ഫാ. ബോബി ജോസ് കട്ടികാട്**

തിരുക്കുടുംബത്തിന്റെ ഉണർത്തുപാട്ടിനായ്

കാതോർക്കുമ്പോൾ - **ഡോ. കൊച്ചുറാണി ജോസഫ്**

കെന്റണിക്കച്ചന്റെ ക്രിസ്മസ് കത്ത് - **ഫാ. ഹാൻസ് വെർണർ ഉങ്കിൾ** ISch

പ്രത്യാശ പകരുന്ന തിരുപ്പിറവി - **സുജമോൾ ജോസ് ഇല്ലത്തുപറമ്പിൽ**

പ്രണയപ്രണാമം - **ബ്ര. ജോ അഗസ്റ്റിൻ** ISch

ഇടയന്മാരുടെ കുഞ്ഞാട് - **സി. റുഡോൾഫ്** CHF

ഇമ്പം നൽകും പുൽക്കൂട്ടിലെ തിരുക്കുടുംബം - **ഫാ. വിൽസൻ പാറേക്കാട്ടിൽ** ISch

സ്വാഗതം കുഞ്ഞിക്കാറ്റേ - **ഫാ. റോബിൻ തെക്കേൽ**

**കവിത**

പ്രേരണ - **സിബി ബാബു**

പുതുവസന്തം - **മുഹ്സീന**

**കൂടാതെ...**

ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**

പ്രവാചക ചരിത്രം - **ഡോ. ജോയ് പുതുശ്ശേരി** ISch

ബാലദൂത്

ഹൃദയമൊഴി - **ഡോ.ജോയ് പുതുശ്ശേരി** ISch

വാർത്താ ജാലകം

# എഡിറ്റോറിയൽ

# ബത്‌ലഹേം
# അപ്പത്തിന്റെ ഭവനം

ജനിക്കാനും മരിക്കാനും മെച്ചപ്പെട്ട ഒരു ഇടം ഈ ഭൂവിൽ ലഭിക്കാതിരുന്ന ഒരാളായിരുന്നു ക്രിസ്തു. പരിമിതികളിലെന്നും അവൻ പതറിയില്ല. ലാളിത്യത്തിന്റെയും ഇല്ലായ്മയുടെയും കാലിത്തൊഴുത്തിൽ പിറവിയെടുക്കുമ്പോഴാണ് ഒട്ടിയ വയറിന്റെ വിശപ്പറിയാൻ കഴിയുന്നത് എന്ന് അവന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. കയ്യിൽ കിട്ടിയ അപ്പം കൊണ്ട് അവൻ ഊട്ടു സദ്യ നടത്തിയത് അയ്യായിരത്തിലേറെ ആളുകൾക്കാണ്. മരിച്ചവരിൽ നിന്നും കൈപിടിച്ച് ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടു വന്നപ്പോഴും അവൻ ആദ്യം കൽപിച്ചത് അവർക്ക് എന്തെങ്കിലും ഭക്ഷിക്കാൻ കൊടുക്കുവാനാണ്. വിരുന്ന് സത്ക്കാരങ്ങളെല്ലാം സ്നേഹപൂർവ്വം സ്വീകരിച്ചെങ്കിലും ക്രിസ്തുവിനു പറയുവാനുണ്ടായിരുന്നത് കൊടുത്ത ഉരുളയ്ക്ക് പകരം വയ്ക്കാൻ ശേഷിയില്ലാത്തവരെയും കൂടി നമ്മുടെ മേശയിലേയ്ക്ക് ക്ഷണിക്കണം എന്നായിരുന്നു. ഉത്ഥാനത്തിനുശേഷം യേശു തന്റെ പ്രിയശിഷ്യന്മാരെ വാത്സല്യപൂർവ്വം മാടി വിളിക്കുന്നു, “വന്ന് പ്രാതൽ കഴിക്കുവിൻ!”



ഇല്ലായ്മയുടെ ഇടയിൽ, കാലിത്തൊഴുത്തിലാണ് പിറന്നത് എങ്കിലും അവനു പറയുവാനുള്ളത് മറ്റൊന്നാണ്. മനുഷ്യൻ ഭക്ഷിക്കുന്നതിനു വേണ്ടി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിയ ജീവനുള്ള അപ്പമാണ് ഞാൻ, ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നും ജീവിക്കും. മറ്റുള്ളവർക്കായി വിളമ്പി മതിവരാത്ത അവൻ, തന്നെത്തന്നെ ഭക്ഷണപാനീയമാക്കി നമുക്ക് നേരെ നീട്ടുന്നു ഈ ഭൂവിൽ ജീവിച്ച നാളുകളിൽ വിളമ്പിയതിലേറെ ജനത്തിനായി.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ മർത്യനു സമാധാനവുമായി ബത്‌ലഹേം എന്ന ആ പുരാതന പട്ടണത്തിൽ പിറവിയെടുത്ത ക്രിസ്തു അതിന്റെ പേര് അന്വർത്ഥമാക്കി.

ഏവർക്കും ക്രിസ്മസ് പുതുവത്സരാശംസകൾ നേർന്നുകൊണ്ട്.

**ജോസച്ചൻ**



ലേഖനം

# രക്ഷകന്റെ അമ്മ നമ്മുടെയും അമ്മ



**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

ദൈവപുത്രനായ യേശുവിന് രക്ഷകനായി പിറക്കുവാൻ ഒരു അമ്മയെ ആവശ്യമുണ്ട്. ദൈവത്തിന്റെ ദൂതുമായി നസ്രത്തിലെ ഗ്രാമീണഭവനത്തിൽ പ്രാർത്ഥനാനിരതയായിരുന്ന മേരിയുടെ പക്കലേയ്ക്ക് ഗബ്രിയേൽ മാലാഖയെത്തുന്നു, ദൈകൃപ നിറഞ്ഞവളെ എന്ന അഭിവാദനവുമായി. അഭിവാദനത്തിന്റെ പൊരുളറിയാതെ കുഴങ്ങിയ മേരിയുടെ മുമ്പിൽ രക്ഷാകരപദ്ധതിയിൽ നിർണ്ണായക പങ്കുവഹിക്കുവാനുള്ള, രക്ഷകന്റെ അമ്മയാകാനുള്ള നിയോഗം ദൂതൻ അറിയിക്കുന്നു. “ഇതെങ്ങനെ സാദ്ധ്യമാകും” എന്ന ചോദ്യത്തിന് സ്വർഗ്ഗം മറുപടി നൽകി. “പരിശുദ്ധാത്മാവ് നിന്റെമേൽ വരും അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. നിന്നിൽനിന്നും പിറക്കുന്നവൻ പരിശുദ്ധൻ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും”. ദൈവവചനത്തിൽ വിശ്വാസം അർപ്പിച്ച് മറിയം മറുപടി നല്കി. “ഇതാ കർത്താവിന്റെ ദാസി നിന്റെ ഹിതം പോലെ ഭവിക്കട്ടെ”. ആ നിമിഷം ലോകചരിത്രത്തെ മുഴുവൻ സ്വാധീനിച്ച സംഭവം അരങ്ങേറി. വചനം മാംസം ധരിച്ചു ദൈവം മനുഷ്യനായി മറിയത്തിന്റെ ഹൃദയത്തിലും ഉദരത്തിലും വസിച്ചു. ചുറ്റുപാടുകളെ, ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിക്കുന്ന കാര്യങ്ങൾ സംഭവിക്കുന്നത് നമ്മുടെ ആഗ്രഹങ്ങളും അപേക്ഷകളും യാചനകളും ദൈവം സാധിച്ചുതരുമ്പോഴല്ല, മറിച്ച് ദൈവഹിതത്തിന് നാം വിശ്വാസത്തോടെ പ്രത്യുത്തരം നൽകുമ്പോഴാണ്.




ദൈവമാതൃത്വത്തിന്റെ തുടക്കം നിന്റെ ഹിതം പോലെ ഭവിക്കട്ടെ എന്ന വിശ്വാസപ്രഖ്യാപനമാണെങ്കിൽ രക്ഷകന്റെ അമ്മയുടെ ജീവിതം വിശ്വാസത്തിന്റെ ഒരു തീർത്ഥാടനമായിരുന്നു. കാലിത്തൊഴുത്തിലെ ദാരിദ്ര്യത്തിലും ഈജിപ്തിലെ പ്രവാസജീവിതത്തിലും യേശുവിന്റെ പരസ്യജീവിതത്തിന്റെ പ്രതിസന്ധികളിലും കാൽവരിയിലെ യാഗവേദിയിലും വിശ്വസിക്കുന്ന മേരിയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. കാൽവരിയിൽ രക്ഷകന്റെ ബലി പൂർത്തിയാകുന്നത് കുരിശിൻചുവട്ടിലെ അമ്മയ്ക്ക് വിശാലവും വെല്ലുവിളികൾ നിറഞ്ഞതുമായ ഒരു പുതിയ മാതൃത്വം സമ്മാനിച്ചുകൊണ്ടാണ്. “സ്ത്രീയേ ഇതാ നിന്റെ മകൻ” ഇനി അവൾ രക്ഷകന്റെ മാത്രമല്ല, രക്ഷ തേടുന്ന എല്ലാവരുടെയും അമ്മയാണ്.

ആ അമ്മയുടെ സ്നേഹവും സംരക്ഷണവും അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ച നമുക്ക് ആ അമ്മയെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ആ അമ്മയെപ്പോലെ രക്ഷകനിൽ വിശ്വസിക്കാം. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും അമ്മയെപ്പോലെ സ്നേഹത്തിന് സാക്ഷികളാകാം.

ലേഖനം

# ജ്ഞാനികൾ

ഫാ. ബോബി ജോസ് കട്ടികാട്



സഞ്ചാരങ്ങളെ വിലക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്ന ഒരു മതം നമ്മൾ സങ്കൽപിക്കുന്നതിനെക്കാൾ അപകടകാരിയാണ്. അകത്തും പുറത്തുമുള്ള സഞ്ചാരങ്ങളെ മതങ്ങൾ ഇങ്ങനെ ഭയക്കുന്നതെന്തിന്? കടൽ കടന്നൊരു യാത്ര ചെയ്തുവെന്ന അപരാധം ചുമത്തി ഒരു കവിയെ കുറച്ചു നാളെങ്കിലും ക്ഷേത്രത്തിന്റെ മേൽശാന്തി കർമ്മങ്ങളിൽ നിന്ന് മാറ്റി നിറുത്തിയത് ഓർക്കുന്നു. വിനീതവിധേയരെ മാത്രം രൂപപ്പെടുത്തുന്ന മതം സാധകരെയും സഞ്ചാരികളെയും ജ്ഞാനികളെയും ഭീതിയോടെ വീക്ഷിക്കുന്നതിന്റെ പൊരുളെന്താവാം?




കൃത്യമായ ഉത്തരങ്ങളും നിയതമായ പ്രാർത്ഥനാരൂപങ്ങളും അണുവിടവ്യതിയാനമില്ലാത്ത ധാർമ്മികതയുമൊക്കെയായി മതം സഞ്ചാരങ്ങളുടെ സാധ്യത പോലും മുളയിലേ നുള്ളുന്നു. നിങ്ങൾക്കുവേണ്ടി ഞങ്ങളെല്ലാം നേരത്തെ നിശ്ചയിച്ചിട്ടുള്ളതെന്ന മട്ടിലുള്ള അതിന്റെ നടപ്പുരീതികൾ മതജീവിതത്തെ ഒരു കണ്ടക്ടഡ് ടൂറു പോലെ വിരസമാക്കും. കണക്കുപോലെ കൃത്യത പുലർത്തിയിരുന്ന ഒരു മതമായിരുന്നു യഹൂദമതം. അതിനോടു കലഹിച്ചാണ് ക്രിസ്തു തന്റെ ദൂത് ആരംഭിച്ചതെന്നും അവസാനിപ്പിച്ചതെന്നും വളരെ വേഗത്തിൽ നാം മറന്നുപോയി. മതമായിരുന്നു അയാൾക്കുള്ള കഴുമരം കടഞ്ഞത്. മതത്തിന്റെ വെളുത്തേടനെന്ന നിലയിൽ അതിന്റെ സഞ്ചാരപാരമ്പര്യങ്ങളിലേയ്ക്കു മടങ്ങിപ്പോയി. അയാൾ അവസാനത്തോളം അലഞ്ഞതും മറന്നുപോയി. എന്താണ് സത്യമെന്ന് പീലാത്തോസിന്റെ ചോദ്യത്തിന് ഉത്തരം കൊടുക്കാതിരുന്നതും അതുകൊണ്ടു തന്നെയാവണം. ദീർഘമായ യാത്രകളുടെ ഒടുവിൽ കണ്ടെത്തേണ്ട സത്യം നേരത്തെ കൈമാറുന്നു എന്നു ഹുങ്കു പറഞ്ഞ് ആത്മാവിന്റെ സഞ്ചാരങ്ങളെ തടസ്സപ്പെടുത്തുന്നവർ ക്രിസ്തു പുലർത്തിയ മൗനത്തെയാണ് ധ്യാനിക്കേണ്ടത്. അങ്ങനെയാണ് മതം മാർഗമാണെന്നും ലക്ഷ്യമല്ലെന്നും ഏറ്റുപറയാനുള്ള വിനയവും വിവേകവും അവ ആർജ്ജിക്കേണ്ടത്. അസാധാരണ പ്രകാശമുണ്ടായിരുന്ന ആചാര്യന്മാർപോലും തങ്ങളെ വഴിയെന്നു മാത്രം അടയാളപ്പെടുത്തുന്നത് ശ്രദ്ധിച്ചിട്ടില്ലേ?

സാധകരുടെ സഞ്ചാരങ്ങൾ പുതിയ നിയമത്തിൽ ആരംഭിക്കുന്നത് അവരിലൂടെയാണ്. കിഴക്കുനിന്ന് ഒരു നക്ഷത്രവെളിച്ചത്തിൽ യാത്ര ചെയ്യാൻ തീരുമാനിച്ച അവരെ ജ്ഞാനികളെന്ന ശീർഷകത്തിലാണ് സുവിശേഷം ആദരിക്കുന്നത്. കൂടുതൽ വെളിച്ചത്തിനായി യാത്ര ചെയ്യാൻ തയ്യാറുള്ള ആർക്കും ഇണങ്ങുന്നതാണ് ആ വിശേഷണം. ഭക്തരെ അല്ല ഇത്തരം ജ്ഞാനികളെ രൂപപ്പെടുത്താനാണ് ആത്യന്തികമായി മതങ്ങൾ ശ്രദ്ധിക്കേണ്ടത്. ജ്ഞാനികളുടെ യാത്രയിൽ അന

ന്തതയോളം നീളുന്ന പ്രദക്ഷിണവഴികളായി നിലനിൽക്കുകയെന്നുള്ളതാണ് ഭേദപ്പെട്ട മത ധർമ്മം. പരൽമീനുകൾക്കും കടലിനുമിടയിൽ ഒരു ചെറുപുഴ മാത്രമാണെന്ന് പറയാനുള്ള സത്യസന്ധതയാണ് മതത്തിന്റെ നന്മ.

ഓരോ നിമിഷവും സഞ്ചാരത്തിലായിരിക്കാനുള്ള ഒരടിസ്ഥാനവാസന മനുഷ്യരിലുണ്ട്. പുറത്തുള്ള യാത്രയെക്കാൾ എത്രയോ മടങ്ങ് ദീർഘവും അഗാധവുമായ ആന്തരികയാത്രകളിൽ മനുഷ്യൻ ഏർപ്പെടുന്നുണ്ട്. നമ്മുടെ അമ്മമാരെ ഒന്നോർത്തുനോക്കൂ – പള്ളിയിലേയ്ക്ക്, ചന്തയിലേയ്ക്ക്. തീർന്നു അവരുടെ യാത്രകൾ. എണ്ണിതീർക്കാനാവുന്ന വിധത്തിൽ ഏതാനും ചുവടുകളിൽ അവസാനിച്ച അവരുടെ സഞ്ചാരങ്ങൾ! എന്നിട്ടും അവരുടെ മക്കൾ സഞ്ചരിച്ചതിനെക്കാൾ എത്രയോ കാതങ്ങളാണ് അവർ മനസ്സുകൊണ്ട് സഞ്ചരിച്ചത്. അവർ മാത്രമല്ല, വളരെയേറെ ഒതുങ്ങിയും ഗാർഹികഉത്തരവാദിത്വങ്ങളിൽ പൂർണ്ണമായി മുങ്ങിയും ജീവിക്കുന്ന നമ്മുടെ ഉറ്റവരുടെ ആന്തരികപഥങ്ങളെക്കുറിച്ച് നമുക്കെന്തു ധാരണയുണ്ട്? രണ്ടു മക്കളുടെ കഥ നമ്മുടെ പുരാണങ്ങളിൽ ഉണ്ടായത് അങ്ങനെയാണ്. ആദ്യത്തെയാൾ മയിലിനെ വാഹനമാക്കി ഉലകപ്രദക്ഷിണം ചെയ്യുന്നു. രണ്ടാമത്തെയാൾ അച്ഛനെയും അമ്മയെയും വലംചുറ്റി തന്റെ സഞ്ചാരം അവസാനിപ്പിക്കുന്നു. അതാണ് അയാളുടെ ലോകം. ഉറ്റവരെ മാത്രം വലം ചുറ്റി ജീവിക്കുന്ന സാധുജന്മങ്ങൾക്കുപോലും എന്തൊരു വെട്ടമാണ്? അവർക്ക് നമ്മുടെ മതപാഠങ്ങളും





അനുഷ്ഠാനങ്ങളും മതിയെന്ന് കരുതുന്നതിനെക്കാൾ കറുത്ത ഫലിതമെന്തുണ്ട്?

ഏതൊരു യാത്രകളെയും തീർത്ഥയാത്രകളായി തിരിച്ചറിയാനും ആദരിക്കാനും വെട്ടം കിട്ടിയ മനുഷ്യരുടെ കാലം വരണം. എന്റെ മതജീവിതം അതിനാണ് എന്ന് സഹായിക്കേണ്ടത്. ഏകാഗ്രതയിലും സ്നേഹത്തിലും പ്രസാദത്തിലും പ്രകാശത്തിലും അനുവർത്തിക്കുന്ന എന്തിനെയും അങ്ങനെതന്നെ വിളിക്കുവാൻ നമ്മൾ പഠിക്കണം. പിന്തുടരുവാൻ ഒരു നക്ഷത്രമുണ്ടാവുകയാണ് പ്രധാനം. നിന്നെ കണ്ടതല്ല, നിന്നെ കാണാനായി ഞാൻ നടത്തിയ യാത്രകൾ അതായിരുന്നു ശരിക്കുള്ള ജീവിതമെന്ന അർത്ഥത്തിൽ ഒരു പ്രണയകവിത വായിച്ചതോർക്കുന്നു. വെർണർ ഹെർസോഗ എന്ന ദൃശ്യകലയിലെ അസാധാരണമായ ഒരാൾ ടോട്ടോ എന്ന സ്നേഹിതയ്ക്കുവേണ്ടി നടത്തിയ യാത്രയെക്കുറിച്ച് വായിച്ചു. മരണത്തിന്റെ വിളുമ്പിലാണവൾ. അവരെ കാണാനായി ഫ്ളൈറ്റ് ടിക്കറ്റ് ബുക്ക് ചെയ്യാൻ ഫോൺ ഡയൽ ചെയ്തു തുടങ്ങിയതാണ് അയാൾ. പിന്നെ ഓർത്തു വേണ്ട – അവരെ ഞാൻ നടന്നുതന്നെ പോയി കാണും. തൊള്ളായിരത്തോളം കിലോമീറ്റർ മഞ്ഞുറഞ്ഞുകിടക്കുന്ന വഴികളിലൂടെ മ്യൂണിക്കിൽനിന്ന് പാരീസിലേയ്ക്ക്! അവിടെയെത്തുമ്പോൾ സ്നേഹിത ആരോഗ്യവതിയായി ഇരിപ്പുണ്ട്. അയാളുടെ യാത്ര തിരികെ പിടിച്ച ജീവിതമായിട്ടാണ് ശിഷ്ടജീവിതത്തെ ആ സ്ത്രീ ഗണിച്ചിരുന്നത്.

ഒരു യാത്ര തീർത്ഥയാത്രയാകുന്നതിന് ഏറ്റവും നല്ല അടയാളം എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരുടെ കഥയാണ്. ഗുരു അവരുടെ യാത്രയിൽ പങ്കുചേർന്നതോടെ അത് തീർത്ഥയാത്രയായി. അയാളെ കൂട്ടുയാത്രക്കാരനായി കിട്ടുന്നതോടെ നമ്മുടെ പദചലനങ്ങൾ കവിമൊഴിപോലെ പ്രദക്ഷിണമായി മാറുന്നു. അഞ്ചുമണിയോടെ ഇന്റർസിറ്റി പിടിക്കാൻ വേണ്ടി നാലരമണിക്ക് എഴുന്നേറ്റ് തിരുവനന്തപുരത്തെത്തി ജോലി ചെയ്ത് പതിവായി വൈകിയെത്തുന്ന ട്രെയിനിൽ, രാത്രി പത്തുമണി വീണ്ടും കൊച്ചിയിൽ മടങ്ങിയെത്തുന്നവർക്കുപോലും ഇതൊക്കെയൊന്ന് പരീക്ഷിച്ചു നോക്കാവുന്നതാണ്. തീർത്ഥാടകസഭയെന്ന പരിചിതപദത്തെ ഈ പ്രകാശത്തിൽക്കൂടി ഒന്നു വായിച്ചുനോക്കണം.



ആരുടെയും യാത്രയെ തടസ്സപ്പെടുത്താതിരിക്കുകയാണ് അവരുടെ ഉറ്റവർക്ക് അനുഷ്ഠിക്കാവുന്ന ഏറ്റവും നല്ല സുകൃതം. അവരെ തടയരുതെന്നാണ് ക്രിസ്തുമൊഴി. മക്കളെ ലോകനന്മയ്ക്ക് വിട്ടുകൊടുക്കണമോ അതോ മുതല പിടിക്കണമോ എന്നുള്ള തിരഞ്ഞെടുപ്പ് വരുമ്പോൾ രണ്ടാമത്തേതാണ് ഭേദമെന്നു കരുതുന്ന സ്വാർത്ഥരായ മാതാപിതാക്കന്മാരുടെ കാലമാണിനി വരാൻ പോകുന്നത്. ചിലർ യാത്ര ചെയ്യുമ്പോൾ കുറെപ്പേർ അവരെ യാത്രയാക്കാൻ ഉണ്ടാവണം. വിവാഹതീയതിവരെ നിശ്ചയിക്കപ്പെട്ട ഒരു ചെറുപ്പക്കാരൻ സന്ന്യാസത്തിലേയ്ക്ക് യാത്രയായി. അയാൾക്ക് ഹൃദയംകൊണ്ട് യാത്രാമംഗളം നേർന്ന അനേകരിൽ അയാളുടെ നിശ്ചയിക്കപ്പെട്ട സ്ത്രീയും ഉണ്ടാകണം. അതേ, ശ്രീനാരായണഗുരുവിനെക്കുറിച്ചുതന്നെയാണ് പരാമർശിക്കുന്നത്. തിരികെവരുമെന്ന് യാതൊരുറപ്പുമില്ലാത്ത യാത്രകളിലാണ് പണ്ടുള്ള മനുഷ്യർ ഏർപ്പെട്ടിരുന്നത്. കാശിക്കുപോകുകയെന്ന ശൈലി തന്നെ മലയാളത്തിൽ രൂപപ്പെട്ടതങ്ങനെയാണ്.

ഈ യാത്രയിൽ നിങ്ങൾ കൂടെ കരുതേണ്ട പുസ്തകങ്ങൾ എന്തൊക്കെയാണ് – പ്രകൃതി, മനുഷ്യർ, ഒപ്പം വേദങ്ങളെന്ന സഞ്ചിതജ്ഞാനമൊക്കെ. അവയെ വായിക്കാൻ പഠിപ്പിക്കുകയാണ് ശരിക്കുമുള്ള മതബോധനം. അത് അങ്ങനെയല്ലാത്തതുകൊണ്ടാണ് വേദോപദേശക്ലാസ്സുകളെക്കുറിച്ച് വേദോപദ്രവക്ലാസ്സുകളെന്ന് ചെറിയ മക്കൾപോലും ഫലിതം പറയുന്നത്. അവരാദ്യം പ്രകൃതിയെ കാണട്ടെ.

ആർക്കും വായിക്കാവുന്ന പുസ്തകമാണല്ലോ അത്. പ്രകൃതി ദൈവത്തിന്റെ നിഴലാണെന്ന് മിസ്റ്റിക്കുകൾ വിശ്വസിച്ചിരുന്നു. റോസാപ്പൂക്കളിൽ അവന്റെ ചിതറിയ രക്തം കണ്ടു എന്നൊരു കവിയെഴുതുമ്പോൾപോലും അതിന്റെ അനുരണനങ്ങൾ ഉണ്ട്. വാനിൽ അസാധാരണമായ ഒരു നക്ഷ ത്രം കണ്ടു എന്നാണ് ജ്ഞാനികൾ സാക്ഷ്യപ്പെടുത്തുന്നത്. അങ്ങനെയാണവർ യാത്ര ആരംഭിച്ചതും. അല്ലെങ്കിൽ ത്തന്നെ പ്രകൃതിയിൽ എന്താണ് അസാധാരണമായിട്ടല്ലാതെ ഉള്ളത്? ഓരോന്നും അത്ഭുതങ്ങൾ തന്നെ. പ്രകൃതിയെന്താണ് പഠിപ്പിക്കാത്തത്? ഒരു കുഞ്ഞുദാഹരണത്തിന്, മനുഷ്യനല്ലാതെ മുറിവേറ്റ ഏതെങ്കിലും ഒരു ജീവി അതിന്റെ മുറിവുകളുമായി സഞ്ചരിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? അതിന്റേതായ രീതിയിൽ അതെങ്ങനെയെങ്കിലുമൊരു സൗഖ്യം നേടിയിട്ടുണ്ടാവും.

പിന്നെ നിശ്ചയമായും മനുഷ്യർ – ഒറ്റനോട്ടത്തിൽ തീരെ നന്മയില്ലെന്ന് തോന്നിച്ച മനുഷ്യർ പോലും നിന്റെ ഹൃദയത്തെ പ്രകാശിപ്പിക്കും. ഹെസ്സയുടെ സിദ്ധാർത്ഥയെ തോണിക്കാരനും പുഴയും മാത്രമല്ല പഠിപ്പിച്ചത് – വർത്തകനായ ഒരു കാമസ്വാമി പോലുമുണ്ട് – ജ്ഞാനികളുടെ യാത്രയിൽ അവർക്ക് തെളിമ കൊടുക്കുന്നത് കൊട്ടാരവാസികളാണ്. അത്തരമിടങ്ങളിൽ പ്രകാശത്തിന്റെ പരാഗങ്ങൾ പാറുന്നില്ലെന്ന് നാം കരുതുന്നു. എന്നിട്ടുപോലും.

പിന്നെ കാലത്തിന്റെ അരിപ്പയിൽ അടിഞ്ഞ ജ്ഞാനത്തിന്റെ പരലുകൾ – ഗ്രന്ഥങ്ങൾ അത് നിങ്ങൾ വിശ്വസിക്കുന്ന വേദം മാത്രമല്ല, എല്ലാ പുസ്തകങ്ങളും അങ്ങനെതന്നെയാവണം. വെളിപാടിന്റെ പുസ്തകത്തിൽ വായിക്കുന്നതുപോലെ ജീവന്റെ പുസ്ത കം തുറക്കപ്പെട്ടു. കൂട്ടത്തിൽ മറ്റു ചില പുസ്തകങ്ങളും. നല്ല പുസ്തകങ്ങൾ കൊ ണ്ടു പോലും എന്റെ ജീവി തം നിർണയിക്കപ്പെടും.



ഈ യാത്രയുടെ ഒടുവിൽ സംഭവിക്കുന്നതെന്താണ്? ഒരു കുഞ്ഞിനെപ്പോലും വണങ്ങാനാവുന്ന വിധത്തിൽ ജീവിതത്തതിന് വിനയം ഉണ്ടാകുന്നു. അവർ കാലിത്തൊഴുത്തിലെ കുഞ്ഞിനെ കുമ്പിട്ടാരാധിച്ചുവെന്ന് സുവിശേഷം എല്ലാവരിലും എല്ലായിടത്തുമുള്ള ഈശ്വരസാന്നിധ്യത്തെ കണ്ണുനിറഞ്ഞ് കരംകൂപ്പിയും കാണാൻ ഇനി എനിക്കാവുന്നു. നമസ്തേ! എന്റെയുള്ളിലെ ദൈവാംശം നിന്റെയുള്ളിലെ ദൈവത്തെ തിരിച്ചറിയുന്നുവെന്നാണ് അതിന്റെ അർത്ഥം. വിനയത്തിന്റെയും ആദരവിന്റെയും കാനാൻ ദേശത്തേയ്ക്ക് സാധകനെ എത്തിക്കുകയാണ് യഥാർത്ഥ മതധർമ്മം. അതോടുകൂടി ജീവിതത്തിന്റെ നിസ്സാരതകൾ വെളിപ്പെട്ട് കിട്ടുന്നു. എത്ര ആഴമില്ലാത്ത കാര്യങ്ങളിലാണ് മതജീവിതത്തിന്റെ ഊർജ്ജം വ്യയം ചെയ്തിരുന്നത് എന്ന് ഓർത്തപ്പോൾ ഭാരം വരുന്നു. ആരവം പോലെ അനുഭവപ്പെടുന്ന അർത്ഥമില്ലാത്ത ശബ്ദങ്ങളെ പ്രാർത്ഥനയായി തെറ്റിദ്ധരിച്ചതിന്റെ പേരിൽ ആത്മനിന്ദയും. ഏതോ ഇടനാഴിയിൽ നിന്ന് കബീർ പാടുന്നു.

അലറിവിളിപ്പതെന്തിനു മൗലവി
ബധിരനോ പ്രഭു
കാതോർക്കുമെൻ പ്രഭു
വെറുമൊരു പുഴുവിന്റെ ചെറിയൊരു പദചലനത്തിനു പോലും.

മൗലവി മാത്രമല്ല, എല്ലാവരും അലറിവിളിക്കുകയാണ്. മൈക്കു കണ്ടുപിടിച്ചവന്റെ മുട്ടുകാലു തല്ലിയൊടിക്കണം.

ഈ കാഴ്ചയാണ് രത്നവ്യാപാരി അന്വേഷിച്ചിറങ്ങിയ അപൂർവ്വവജ്രം. അതോടുകൂടി ബാക്കിയുള്ള മുത്തുകൾ ഒക്കെ നിസ്സാരമായി ബോധോദയം എന്നോ സാക്ഷാത്ക്കാരമെന്നോ മോക്ഷമെന്നോ ഈശ്വരദർശനമെന്നോ തുടങ്ങി ഏതു പദങ്ങളുമാകാം കാര്യമായ വ്യത്യാസമൊന്നുമില്ലതിൽ. ഈ യാത്രകളൊക്കെ ഇതിനുവേണ്ടി മാത്രമായിരുന്നു.

സൂർദാസ് അലഞ്ഞുനടന്നിരുന്ന ഗായകനായിരുന്നു. അന്ധനായിരുന്ന അയാൾക്ക് ഒരു ദിവസം കാഴ്ച കിട്ടി. കാഴ്ച കിട്ടിയ അയാൾ കണ്ണുകൾ മുറുക്കെ അടച്ചു. ഭഗവാനേ, നിന്നെ കണ്ട കണ്ണുകൾ കൊണ്ട് ഞാൻ മറ്റൊന്നും കാണാതിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ വീണ്ടും അന്ധനായി. മറ്റൊരു ജ്ഞാനിയെ സുവിശേഷത്തിന്റെ ആദ്യതാളുകളിൽത്തന്നെ നാം പരിചയപ്പെടുന്നു. ശിമയോനെന്ന ജ്ഞാനവൃദ്ധനാണ് അയാൾ. ഒരു ചെറിയ കുഞ്ഞിനെ ആകാശങ്ങളിലേക്കുയർത്തി അയാൾ ഇങ്ങനെ പ്രാർ

"വരുംകാലങ്ങളിൽ സഭയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഷേൺസ്റ്റാട്ട് കപ്പേളയുടെ സ്വാധീനം വലുതായിരിക്കും"



ത്ഥിക്കും. ഇനി അവിടുത്തെ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ, മരിച്ചോട്ടെ എന്നു തന്നെ സാരം. അവനെപ്രതി ബാക്കിയുള്ളതൊക്കെ ഞാൻ കുപ്പയായി എണ്ണിയെന്നു പൗലോസ്. ജ്ഞാനത്തിന്റെ പൂർണത അവിടെയാണ്. അതോടുകൂടി പുതിയ വഴികളിലൂടെ ശിഷ്ടകാലം മുഴുവൻ അവർ യാത്ര ചെയ്യും. ആ കാ ഴ്ചയ്ക്കുശേഷം മാലാഖമാർ ജ്ഞാനികളോടു പറഞ്ഞു: വന്ന വഴിയെ മടങ്ങരുത്. ജ്ഞാനികളുടെ യാത്ര എത്തേണ്ടത് അവിടെയാണ്. അവിടേയ്ക്ക് ഇപ്പോൾ ഒരു കൈചൂണ്ടി പോലുമാകാത്ത നിങ്ങളുടെ മതത്തിന് ഒരു പുതുക്കൽ ശുശ്രൂഷ ആവശ്യമില്ലേ? പതിമൂന്നാം നൂറ്റാണ്ടിൽ നിന്ന് ഒരു ചെറുപ്പക്കാരൻ നിലവിളിക്കുന്നു. നമ്മുടെ പള്ളി വീണുകൊണ്ടിരിക്കുന്നു. ഒരു കല്ലു തരാമോ. നമുക്ക് ആ പള്ളിയെ ഒന്നു പുതുക്കണ്ടേ?

മറ്റൊരു ആചാരത്തിന്റെ ഭാഗമായി നില്ക്കുമ്പോൾത്തന്നെ ഇതരദേശങ്ങളുടെയും സംസ്കാരങ്ങളുടെയും ഈശ്വരവിചാരങ്ങളെ ഗൗരവമായി കാണാനുള്ള ഒരു നവസംസ്കൃതിയുടെ ആരംഭമാണ് കിഴക്കുനിന്നു വന്ന ജ്ഞാനികളിലൂടെ സംഭവിക്കുന്നത്. എത്രയോ പേരാണ് അങ്ങനെ ക്രിസ്തുവിനെ പ്രണമിക്കുന്നത്. ഒന്നു രണ്ടു നിരീക്ഷണങ്ങൾ ഇങ്ങനെയൊക്കെയാണ്: പുട്ടവർത്തിയിൽ ശ്രീ സത്യസായിബാവ രണ്ടേ രണ്ടു ദിവസമാണ് വെള്ളവസ്ത്രങ്ങൾ അണിയുന്നത്. ഒന്ന്, അദ്ദേഹത്തിന്റെ പിറന്നാൾ ദിനത്തിൽ മറ്റേത് ക്രിസ്തുമസ് ദിനത്തിലും. ഇപ്പോഴും അർത്ഥപൂർണമായ ക്രിസ്തുമസ് ആചരണം നടക്കുന്നത്. ശ്രീരാമകൃഷ്ണമിഷന്റെ ആശ്രമങ്ങളിലാണെന്നും ചിലപ്പോൾ തോന്നിപ്പോകാറുണ്ട്. ആ ദിവസം ക്രിസ്തുകേന്ദ്രീകൃതമായ അഗാധദർശനങ്ങളും സദ്സംഗുമൊക്കെ അവിടെ നടത്തപ്പെടുന്നു. സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ കുരിശിന്റെ യോഹന്നാനെക്കുറിച്ചും ആവിലായിലെ തെരേസയെക്കുറിച്ചും പ്രഭാഷണം നടത്തിയ ആ അധ്യാപകൻ നമ്മുടെ പ്രിയപ്പെട്ട ഗുരു നിത്യചൈതന്യയതിയല്ലേ? എല്ലാ വർഷവും ഒരു ലക്ഷത്തോളം ഹൈന്ദവഭക്തർ ക്രിസ്തുമസ്നാളിൽ വന്ന് ഉണ്ണിയെ വണങ്ങുന്ന ഒരു പള്ളിയുണ്ട് - ഉജ്ജൈയ്നിലെ കത്തീഡ്രൽ പള്ളിയാണത്. അത്തരമൊരാദരവും പ്രണാമവും തിരികെ കൊടുക്കുന്നില്ല പലപ്പോഴും എന്നോർക്കുമ്പോൾ വല്ലാത്ത ലജ്ജ തോന്നുന്നു.

ഇരിക്കുന്ന കൊമ്പ് മുറിക്കുകയെന്ന ആ പുരാതന തൊഴിലിൽ ഏർപ്പെടുന്നുവെന്നല്ല ഇത്തരം കുറിപ്പുകളുടെ സൂചന. കുറെയൊക്കെ വ്യതിചലനങ്ങൾ അതിന്റെ സ്വാഭാവിക പരിണിതിയായി കാണാനുള്ള വിവേകവുമുണ്ട്. പുഴ എല്ലായിടത്തും ശുദ്ധയാണ്. 'തീർത്ഥങ്ങളിൽ ഒഴികെ' എന്ന കബീറിന്റെ വരികൾ ധ്യാനവിഷയമാകാറുണ്ട്. എന്നാലും നമ്മൾ പുലർത്തുന്ന അലംഭാവം ഏറെനാൾ നീതീകരിക്കപ്പെടില്ല എന്നോർമ്മിപ്പിക്കാൻ മാത്രമാണിത്. ഇത് അവസാനത്തെ വണ്ടിയാണെങ്കിലോ.



# ഉപകാരസ്മരണ

പ്രസാദവരമാതാവിന്റെ മദ്ധ്യസ്ഥതയിൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിൽ ഉപകാരസ്മരണ



ലേഖനം



# തിരുക്കുടുംബത്തിന്റെ ഉണർത്തുപാട്ടിനായ് കാതോർക്കുമ്പോൾ

ഡോ. കൊച്ചുറാണി ജോസഫ്

ഈ വർഷത്തെ ക്രിസ്മസ് ആഘോഷങ്ങളിലേയ്ക്ക് വ്യക്തികളും കുടുംബങ്ങളും മറ്റ് സംവിധാനങ്ങളും ഒരുങ്ങിത്തുടങ്ങി. ക്രിസ്തുവിന്റെ ജനനം ആഘോഷിച്ചില്ലെങ്കിൽ പിന്നെ ഏത് ജന്മദിനമാണ് നമ്മൾ ആഘോഷിക്കേണ്ടത്? പക്ഷേ ആഘോഷിക്കുന്നതിന് എന്നും കാലഘട്ടത്തിനനുസൃതമായി വ്യത്യസ്തതയുണ്ടാവണമെന്ന് മാത്രം. ക്രിസ്തു ഈ ലോകത്തിൽ ജനിക്കാൻ ഒരു കുടുംബം തിരഞ്ഞെടുത്തതുകൊണ്ട് ക്രിസ്മസ് കുടുംബങ്ങളുടെ ആഘോഷമായി മാറണം. അതിന് ക്രിസ്മസിന്റെ ഉൾപൊരുൾ കുടുംബത്തിനനുസൃതമായി വ്യാഖ്യാനിക്കാനാവണം. കുടുംബങ്ങൾക്ക് വലിയ ഉത്സവകാലമായി ക്രിസ്മസ് ദിനങ്ങൾ മാറണം. അതിനായി തിരുക്കുടുംബം ആധുനിക കുടുംബങ്ങൾക്ക് നൽകുന്ന ഉണർത്തുപാട്ടിനായി കാതോർക്കാം.

**ക്രിസ്മസ് സമൃദ്ധിയുടെ ആഘോഷമാണ്**

ക്രിസ്മസ് എന്നും വൈരുദ്ധ്യങ്ങളുടെ തിരുനാളാണ്. രാജാവിനെ പ്രതീക്ഷിച്ചിരുന്ന ജനതതിക്ക് ജനിക്കാനായി ഇടം ലഭിക്കാതെ അലയേണ്ടിവന്ന ദൈവപുത്രനെയാണ് വരവേൽക്കാനായത്. രാജാധിരാജൻ പുൽത്തൊട്ടിലിൽ കാലിത്തൊഴുത്തിൽ സാധാരണമനുഷ്യരുടെ മദ്ധ്യേ വസിക്കുന്ന അവസ്ഥ. ഏറ്റവും കൂടുതൽ സമൃദ്ധിയും ധന്യതയും ഒരുപോലെ നിറഞ്ഞുനിന്ന സമയമാണ് ക്രിസ്മസ്രാവ്. ഒന്നാമത്തേത് സ്വർഗീയസംഗീതആലാപനമാണ്. രണ്ടാമതായി ആട്ടിടയന്മാരെപ്പോലെ ധാരാളം സുകൃതമനുഷ്യരുടെ സംഗമം. അതിലൂടെ അലയടിച്ചിറങ്ങിയ സന്തോഷനിമിഷങ്ങൾ. മൂന്നാമതായി രാജാക്കന്മാരും ജ്ഞാനികളുമായ ശ്രേഷ്ഠമനുഷ്യരുടെ സന്ദർശനം, നാലാമത് സവിശേഷവസ്തുക്കളായ പൊന്നും മീറയും കുന്തിരിക്കവും സമ്മാനമായി ലഭിക്കുന്നു. മാത്രമല്ല, നക്ഷത്രങ്ങൾ ഭവനത്തിന് മുകളിൽ തമ്പടിച്ചുനിന്നു. അങ്ങനെ രക്ഷകന്റെ ജനനം അതിന്റെ എല്ലാ സമൃദ്ധിയിലും നിറഞ്ഞുനിന്നു.

**ക്രിസ്മസ് ദാരിദ്ര്യത്തിന്റെ കൈയ്യൊപ്പാണ്**

സമൃദ്ധിയോടൊപ്പം ദാരിദ്ര്യത്തിലും വേറിട്ടുനിൽക്കുന്ന നിറക്കാഴ്ചയാണ് ക്രിസ്മസ്. തന്റേതിനേക്കാൾ ദരിദ്രമായി ഇനി ആർക്കും ജനിക്കാനാവില്ല എന്ന അവസ്ഥയിലായിരുന്നു ക്രിസ്തുവിന്റെ ജനനം. സത്രത്തിൽപോലും ഇടം ലഭിച്ചില്ല എന്നാണ് തിരുക്കുടുംബത്തെക്കുറിച്ച് നമ്മൾ വായിക്കുന്നത്. ഏറ്റവും ലളിതവും ദരിദ്രവുമായ അവസ്ഥയിലായിരുന്നെങ്കിലും ഹേറോദേസിനെപ്പോലുള്ള ഭീരുക്കൾക്ക് അത് അസ്വസ്ഥതയുടെ നാളുകളായിരുന്നു. ഇവിടെയാണ് ക്രിസ്മസ് ഒരു വൈരുദ്ധ്യമായി കാണപ്പെടുന്നത് ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ എന്നു പറയുമ്പോൾ ദൈവത്തോട് ഒട്ടിചേരുന്നവരും ദൈവത്തെ ആവശ്യമുള്ളവരും ഭാഗ്യവാന്മാർ എന്നാണ് അർത്ഥമാക്കുന്നത്. യേശുവിനെ ദർശിക്കാൻ ഭാഗ്യം ലഭിച്ച ആട്ടിടയന്മാരെപോലെ അവർക്ക് ദൈവം സമീപസ്ഥനാണ്. ഇതാണ് സൗഭാഗ്യമായി മാറുന്നത്.

ഈ ക്രിസ്മസ് ചിന്തകളുടെ പശ്ചാത്തലത്തിൽ ആധുനികകുടുംബങ്ങളെ വിശകലനം ചെയ്യുമ്പോൾ കുടുംബങ്ങളിലും ഈ ദാരി

ദ്ര്യവും സമൃദ്ധിയും കണ്ടെത്താൻ സഹായകരമാവും. ദൈവം നൽകിയ ഓരോ അനുഗ്രഹവും ധന്യതയുടെ അടയാളമാണ്. അത് സ്വത്ത്, പണം, മക്കൾ, ആരോഗ്യം, പദവി എന്നിങ്ങനെ പലരൂപത്തിൽ ഭൗതികമായും സന്തോഷം, സമാധാനം തുടങ്ങിയ അളന്ന് തിട്ടപ്പെടുത്താനാവാത്ത സൗഭാഗ്യമായും കടന്നുവരുന്നു. ജീവിതത്തിൽ അനുഗ്രഹങ്ങൾ എണ്ണാൻ പഠിക്കുന്നത് വലിയ കാര്യമാണ്. അതോടൊപ്പം സഹനങ്ങൾ, രോഗം, പ്രിയപ്പെട്ടവരുടെ വേർപാട് എന്നിങ്ങനെ വിവിധ രൂപങ്ങൾ ദാരിദ്ര്യത്തിന്റെ തലമായും കാണാനാവും. ഏതൊരു സാഹചര്യത്തിലും സന്തോഷവും സംതൃപ്തിയും കണ്ടെത്തുന്ന മനസ്സുണ്ടാവുക എന്നതാണ് പ്രധാനപ്പെട്ടത്.

ഏത് ജീവിതവും ആർക്കാണ് ആഘോഷമാവുന്നത്? അത് വേദനകളെ ആഘോഷമാക്കാൻ അറിയാവുന്നവനാണ്. പുഞ്ചിരിക്കുന്ന ഒരു ഫോട്ടോ പോസ്റ്റ് ചെയ്തതിനുശേഷം എന്റെ സുഹൃത്ത് ശാലിനി തന്റെ ഫേസ് ബുക്കിലെ ഫോട്ടോക്ക് എഴുതിയ അടിക്കുറിപ്പ് ഇപ്രകാരമായിരുന്നു. 'എന്റെ മുഖത്തെ പുഞ്ചിരിയുടെ അർത്ഥം എന്റെ ജീവിതം പരിപൂർണമാണെന്നല്ല, മറിച്ച് ഞാൻ ദൈവം തന്നതിനെയെല്ലാം സ്വീകരിക്കുകയും അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു എന്നതാണ്.'




**ലാളിത്യം ഒരു നിലപാടാണ്** ചൈനീസ് തത്വചിന്തകനായ കൺഫ്യൂഷൻസിന്റെ അഭിപ്രായത്തിൽ ജീവിതം സത്യത്തിൽ ലളിതമാണ്. എന്നാൽ മനുഷ്യൻ അതിനെ സങ്കീർണമാക്കുന്നതിൽ മുഴുകിക്കൊണ്ടിരിക്കുന്നു. ഒന്നോർത്താൽ ജീവിതം വളരെ ലളിതമാണ്. എന്താണ് ലാളിത്യം? ചുരുക്കം ചില വസ്തുക്കളിലേയ്ക്ക് നമ്മളെ ഒതുക്കുന്നതോ ജീവിതത്തിന്റെ നേർക്കണ്ണാടി പിടിച്ചു ജീവിക്കുന്നതോ ആവാം. എല്ലാം ഉണ്ടായിട്ടും ഒന്നിനോടും ഒട്ടിച്ചേരാത്ത അവസ്ഥയാണത്. വ്യക്തികളോടും വസ്തുക്കളോടും സ്വയം സൃഷ്ടിച്ച അകൽച്ച എളിമയുടെ നേർക്കാഴ്ചയാണ്.

ഈ കടയിലെ ഏറ്റവും വില കുറഞ്ഞ സാരി ഒന്ന് കാണിക്കാമോ എന്ന് ചോദിച്ചുകൊണ്ട് ഒരു സ്ത്രീ ഒരു തുണിക്കടയിലേയ്ക്ക് ഇരച്ചുകയറിച്ചെന്ന് ചോദിച്ചു. എന്റെ മകളുടെ കല്യാണമാണ്. വീട്ടിലെ വേലക്കാരിക്ക് നൽകാനാണ് എന്നും അവർ കൂട്ടിച്ചേർത്തു. കുറച്ചുകഴിഞ്ഞപ്പോൾ മറ്റൊരു സ്ത്രീ അതേ കടയിൽ ചെന്ന് ഇവിടുത്തെ ഏറ്റവും വിലയുള്ള വസ്ത്രങ്ങൾ ഒന്ന് കാണിക്കാമോ എന്ന് ചോദിച്ചു. ഞാൻ ജോലി ചെയ്യുന്ന വീട്ടിലെ കൊച്ചിന്റെ കല്യാണത്തിന് സമ്മാനം കൊടുക്കാനാണ് എന്നും പറഞ്ഞു. സത്യത്തിൽ ആരാണ് ദരിദ്രൻ?

തന്റെ ജീവിതത്തെ 3 കാര്യങ്ങളാണ് എന്നും മദിച്ചുകൊണ്ടിരുന്നതെന്ന് ബർട്നാർഡ് റസ്സൽ പറയുകയുണ്ടായി. അവ സ്നേഹത്തിനായുള്ള തീവ്രമായ ദാഹം, സത്യത്തിനായുള്ള നിരന്തരമായ അന്വേഷണം, വേദനിക്കപ്പെടുന്നവരോടുള്ള അസഹനീയമായ ദയ ഇവയാണ്. ആദ്യത്തേത് ഒരു പൊതുവികാരമാണ്. രണ്ടാമത്തേതും ധാരാളം പേർക്കുണ്ട്. എന്നാൽ മൂന്നാമത്തെ ഗണത്തിൽപ്പെടുന്നവനാണ് യഥാർത്ഥ മനുഷ്യൻ. എന്നാൽ അത് നേടിയെടുക്കാനുള്ള ശരിയായ മാർഗ്ഗം സ്നേഹത്തിന്റെ ചൈതന്യത്തിലടിസ്ഥാനമായ ഉപേക്ഷയുടെ സംസ്കാരമാണ്. തോബിത്തിന്റെ പുസ്തകത്തിൽ നമ്മൾ വായിക്കുന്നതുപോലെ ഭക്ഷണമേശയിലെ സമൃദ്ധിക്കു നടുവിലും ഭക്ഷണം തൊട്ടുനോക്കുക പോലും ചെയ്യാതെ കർത്തവ്യത്തിനായി ഓടുകയും

പിന്നീട് അതീവദുഃഖത്തോടെ ഭക്ഷിക്കുകയും ചെയ്ത അവസ്ഥ (തോബിത് 2:2,4). ഭരമേൽപിക്കപ്പെട്ടവയോടുള്ള വിശ്വസ്തത പേറുന്ന ആത്മീയമനുഷ്യന്റെ പ്രത്യേകതയാണിത്. ഒരു വ്യക്തിയോടോ വസ്തുവിനോടോ ആവശ്യത്തിലധികം ഒട്ടിചേർക്കപ്പെടാതെ, ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്ന പുണ്യജീവിതങ്ങൾ ഇന്നും നമുക്ക് ചുറ്റുമുണ്ട്.

കുറച്ച് കാര്യങ്ങളിൽ ജീവിതത്തെ പരിമിതപ്പെടുത്തുക എന്നതുമാത്രമല്ല അതിന്റെ സാരം. നേർരേഖയിൽ എല്ലാം കാണാൻ കഴിയുക എന്നതാണ് അതിന്റെ പൊരുൾ. അതിൽനിന്ന് ഏറെ പരിമളമുള്ള തൃപ്തി എന്ന പൂവുണ്ടാവുന്നു. ഏതൊരു സമൃദ്ധിയുടെ നടുവിലും ദരിദ്രരായി പോവുന്ന മനുഷ്യരുണ്ട്. അംഗീകാരത്തിനും സ്നേഹത്തിനും പാഞ്ഞുനടക്കുന്നവർ അത് ലഭിക്കാതെ പോവുമ്പോൾ അത് ലഭിച്ചവരോടുള്ള അമർഷം പേറുന്ന ദരിദ്രാവസ്ഥയാണ് ദയനീയമായിട്ടുള്ളത്. പിന്നെ ഹേറോദേസ് ചെയ്തതുപോലെ കള്ളത്തരങ്ങളുടെ മുഖംമൂടിയിൽ ഏതു നീചപ്രവർത്തികൾക്കും മുതിരുന്നവർ അവരാണ് യഥാർത്ഥത്തിൽ ദരിദ്രർ.



കുടുംബജീവിതത്തിൽ ദാരിദ്ര്യത്തെ മറ്റൊരു രീതിയിലും കൂടി നമുക്ക് ഉൾച്ചേർക്കാനാവും. ഏതൊരു സമൃദ്ധിയിലും കാത്തുസൂക്ഷിക്കേണ്ട നിർമലതയാണത്. ലാളിത്യം ഒരു ജീവിതസമീപനമാണ്. എല്ലാത്തിൽനിന്നും കൃത്യവും വ്യക്തവുമായ അകലം കാത്തുസൂക്ഷിക്കുന്നവർ. അത് വസ്ത്രം വാങ്ങിക്കുമ്പോഴും ഭക്ഷണമുണ്ടാക്കുമ്പോഴും വീടു പണിയുമ്പോഴും കാത്തുസൂക്ഷിക്കാനാവുക എന്നതാണ് പ്രധാനപ്പെട്ടത്. അയൽവക്കത്തുകാരനുള്ളതുപോലൊന്ന് എനിക്കും വേണം എന്ന ചിന്തയും കടന്ന് അതിനേക്കാളും മുന്തിയത് എനിക്ക് വേണം എന്ന അപകടകരമായ ചിന്തയെ പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞനായ ജയിംസ് ഡ്യൂയിസൻബറി ഡെമോൺസ്ട്രേഷൻ ഇഫക്ട് അഥവാ പ്രദർശനമനോഭാവസിദ്ധാന്തമെന്ന് വിളിക്കുന്നു. ഇതാണ് ആധുനികകുടുംബങ്ങളെ കടക്കെണിയിലാഴ്ത്തുന്ന വിപത്ത്. ഇതിന് അടിമകളാകാതിരിക്കാനുള്ള മനക്കരുത്ത് പുൽക്കൂട്ടിൽനിന്ന് സ്വീകരിക്കാനാവണം.

സമ്പത്ത് നേടുന്നതോ ഉപയോഗിക്കുന്നതോ അതിനാൽത്തന്നെ തെറ്റല്ല. താലന്തുകൾ കുഴിച്ചിട്ട് ക്രയവിക്രയം പോലും ചെയ്യാത്തവനെയാണ് കർത്താവ് വിശ്വസ്തനല്ലാത്ത ഭൃത്യനായി കണ്ടത്. എന്നാൽ സമ്പത്തിനോടുള്ള നിലപാടിനെയാണ് കർത്താവ് കുറ്റപ്പെടുത്തുന്നത്. നിയമാവർത്തനം 8:18ൽ പറയുന്നതുപോലെ എന്റെ കഴിവും ഭുജബലവുമാണ് സമ്പത്തിനാധാരമെന്ന് ഹൃദയത്തിൽപോലും ചിന്തിക്കരുതെന്ന് കർത്താവ് പറയുന്നു. എല്ലാം ദൈവദാനവും കൃപയുമായി കരുതാൻ സാധിക്കുന്ന വളർച്ചയാണത്. പണമുണ്ടാക്കുന്നതോ സമ്പാദിക്കുന്നതോ അതിനാൽത്തന്നെ കുറ്റകരമല്ല. എന്നാൽ ഒരാൾ പണം എങ്ങനെ വിനിയോഗിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ചിലർ സമ്പത്തിനോട് വല്ലാതെ ഒട്ടിച്ചേരുന്നവരാണ്. അവർക്ക് എത്രയുണ്ടായാലും മതി വരുകയില്ല. ഉള്ളതിൽനിന്ന് ആർക്കും ഒന്നും നൽകുകയുമില്ല. പണത്തിനോടുള്ള അതിമോഹവും ആർത്തിയും നിറഞ്ഞവനാണ് യഥാർത്ഥത്തിൽ ദരിദ്രൻ. പണത്തിനോടും സമ്പാദനത്തിനോടും വിനിയോഗത്തി

നോടും ഒട്ടിച്ചേരാത്തവനാണ് യഥാർത്ഥ ധനികൻ.

ദൈവത്തെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല എന്നും വചനം പറയുന്നു. നിങ്ങളെ എന്നും ദരിദ്രരായി കാണാൻ ഞാൻ ഇഷ്ടപ്പെടുന്നു എന്ന് ക്രിസ്തു പറഞ്ഞിട്ടില്ല. ഇന്ന് പല മനുഷ്യരുടെയും അസ്വസ്ഥതയ്ക്കും സമാധാനമില്ലായ്മയ്ക്കും കാരണം അവന്റെ തന്നെ സ്വാർത്ഥപരമായ കാര്യങ്ങളെ ചുറ്റിപ്പറ്റിയാണ് ഉണ്ടാവുന്നത്. ഇതിലും മെച്ചമായ ഒരു വീടില്ലാത്തത് മൂലവും, മുന്തിയ കാർ സ്വന്തമാക്കാൻ പറ്റാതെ പോയതിനെക്കുറിച്ചും അപരന്റെ ഉയർച്ചയെ ഉൾക്കൊള്ളാനാവാത്തതിനാലും സ്വസ്ഥത നശിക്കുന്നു.




ഇവിടെയാണ് ക്രിസ്മസിന്റെ സമാധാനദൂത് വേറിട്ട ശബ്ദത്തിന്റെ ഉണർത്തുപാട്ടിനുള്ള ഇച്ഛാശക്തിയായി മാറുന്നത്. കുടുംബബന്ധങ്ങളിൽ സമാധാനമെന്നത് ഓരോ അംഗത്തിനും ലഭിക്കുന്ന അഥവാ ലഭിക്കേണ്ട പരിഗണനയും നീതിയുമാണ്. അത് സ്ത്രീപുരുഷവ്യത്യാസമില്ലാതെ, പ്രായഭേദമെന്യേ അന്യോന്യം നൽകലാണ്. സമാധാനമെന്നത് സൃഷ്ടപ്രപഞ്ചവും അതിന്റെ സന്തുലിതാവസ്ഥയും പരിചരണവുമായും ബന്ധപ്പെട്ടാണിരിക്കുന്നത്. ഭൂമിയിലെ സകല സൃഷ്ടിജാലങ്ങളും നന്മയും സൗന്ദര്യവും സത്യവും പേറുന്നവയാണ്. വസ്തുക്കൾ ഉപയോഗിച്ച് വലിച്ചെറിയുന്ന യൂസ് ആന്റ് ത്രോ സംസ്കാരം ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ആവശ്യമില്ലാത്ത വസ്തുക്കളെ പുറന്തള്ളുന്ന ലാഘവത്തോടെ വ്യക്തികളെയും സമീപിക്കുന്നവൻ ദരിദ്രനാണ്. അപരനിലേയ്ക്ക് ജീവിതം നിറക്കാനാവുക എന്നതാണ് ക്രിസ്മസിന്റെ ഉൾപൊരുൾ. കാരണം ജീവിച്ച വർഷങ്ങളല്ല, വർഷിച്ച ജീവിതങ്ങളാണ് ഏറെ പ്രധാനപ്പെട്ടത്.

അതുകൊണ്ട് ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഈ സംസ്കാരത്തിൽ മനുഷ്യരാശിയോട് കാണിച്ച കരുണ ഉദാരവൽ ക്കിക്കാനും പുൽക്കൂട്ടിൽ പിറന്ന സ്നേഹം ആഗോളവൽക്കരിക്കാനും ദൈവ ത്തെ തിരിച്ചറിയാനുള്ള ആന്തരികജ്ഞാനം വ്യക്തിപരമായി സ്വകാര്യവൽക്കരിക്കാനും ഈ കാലഘട്ടത്തിൽ ക്രിസ്മസ്സ് നമ്മളോട് ആഹ്വാനം ചെയ്യുന്നു. ഒന്നോർത്താൽ ജീവിതം വാദ്യോപകരണം പോലെയാണ്. ഒത്തിരി മുറുക്കിയാൽ തന്ത്രികൾ പൊട്ടിപ്പോകും; അയഞ്ഞാൽ വല്ലാത്ത അപസ്വരമായിരിക്കും ഫലം. അതുകൊണ്ട്, കൃത്യമായി ട്യൂൺ ചെയ്യാൻ സാധിക്കണം. അർത്ഥവ്യാപ്തി മുഴുവൻ മനസ്സിലായില്ലെങ്കിലും ജീവിതമെന്ന വാദ്യോപകരണത്തെ ദൈവത്തോട് ചേർത്തുവക്കാനുള്ള ലാളിത്യമുണ്ടായാൽ മതി. ●

ഡോ. കൊച്ചുറാണി ജോസഫ് : തൃക്കാക്കര ഭാരതമാതാ കോളേജ് സാമ്പത്തികശാസ്ത്രവിഭാഗം മേധാവി, കേരളത്തിലെ മൈക്രോഫിനാൻസ് രംഗത്തെ അടിസ്ഥാനമാക്കിയുള്ള പഠനത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽനിന്ന് ഡോക്ടറേറ്റ്, സാമ്പത്തികശാസ്ത്രത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തിയ ഒട്ടേറെ പുസ്തകങ്ങളുടെ രചയിതാവ്, പ്രഭാഷക. കൂടാതെ വർത്തമാനപത്രങ്ങളിൽ പംക്തികൾ എഴുതുകയും ചെയ്യുന്നു.

# കെന്റണിക്കച്ചന്റെ ക്രിസ്തുമസ് കത്ത്




ഫാ. ഹാൻസ് വെർണർ ഉങ്കിൾ ISch

1965–ൽ ഷേൺസ്റ്റാട്ട് സമൂഹത്തിന്റെ സ്ഥാപകൻ ഫാ. ജോസഫ് കെന്റണിഹ് തന്റെ സഭാംഗങ്ങൾക്കായി എഴുതിയ സന്ദേശം ഷേൺസ്റ്റാട്ടിന്റെ ചരിത്രത്തിൽ വളരെ പ്രാധാന്യമുള്ളതാണ്. ആ കത്തിന്റെ ചരിത്രപശ്ചാത്തലം, ഉള്ളടക്കം, സമകാലികപ്രാധാന്യം എന്നിങ്ങനെ മൂന്ന് തലക്കെട്ടുകളിൽ മനസ്സിലാക്കാൻ ശ്രമിക്കാം.

**ചരിത്രപശ്ചാത്തലം**

കെന്റണിക്കച്ചൻ തന്റെ നീണ്ട പതിന്നാലു വർഷത്തെ വിദേശവാസത്തിന് ശേഷം റോമിൽ എത്തിയിരിക്കുകയാണ്. തന്റെ സ്വന്തം നാട്ടിലേയ്ക്കും പ്രസ്ഥാനത്തിലേയ്ക്കും തിരിച്ച് പോവാനുള്ള സഭയുടെ ഭാഗത്തുനിന്നുണ്ടായ വിലക്ക് പോൾ ആറാമൻ മാർപാപ്പ അസാധുവാക്കി. 1964–ലെ ഡിസംബർ എട്ടാം തിയ്യതി രണ്ടാം വത്തിക്കാൻ കൗൺസിൽ അതിന്റെ സമാപനത്തിൽ എത്തി എന്നതും ചരിത്രപ്രാധാന്യമുള്ളതായ് ഈ ദിനത്തെ മാറ്റി. കെന്റണിക്കച്ചൻ ജർമ്മനിയിൽ തിരികെ വന്ന് കപ്പേളയിൽ ദിവ്യബലി അർപ്പിക്കുന്നതിന് മുൻപായി ലോകം മുഴുവനുമുള്ള ഷേൺസ്റ്റാട്ട് സമൂഹത്തിനായി ഒരു ക്രിസ്തുമസ് സന്ദേശം നൽകി. 1941 മുതൽ ഇരുപത്തഞ്ച് വർഷക്കാലമായി ദൈവം



ഈ സമൂഹത്തെ അത്ഭുതാവഹമായി വഴിനടത്തിയതിനുള്ള നന്ദിയും അവിടുന്നു നൽകിയ അനുഗ്രഹങ്ങൾ തിരിച്ചറിയാനുള്ള ശ്രമവുമാണ് ഈ സന്ദേശം.

**സന്ദേശത്തിന്റെ ഉള്ളടക്കം**

നമ്മുടെ ദൈവം കരുണാസമ്പന്നനായ പിതാവാണ്. പരിശുദ്ധ ഫ്രാൻസീസ് പാപ്പ കഴിഞ്ഞ വർഷത്തെ കരുണയുടെ വർഷമായി പ്രഖ്യാപിച്ചതുവഴി അനേകം ആത്മീയ അനുഭവങ്ങളാൽ സഭ സമ്പന്നമായി എന്ന് നിസ്സംശയം വിലയിരുത്താൻ സാധിക്കും. അൻപത് വർഷങ്ങൾക്ക് മുമ്പ് ഷേൺസ്റ്റാട്ട് സമൂഹവും ഈ കഴിഞ്ഞ കരുണയുടെ വർഷത്തിന്റെ സമാനമായ അനുഭവത്തിലൂടെ കടന്നുപോവുകയും പിതാവിന്റെ ആഴമേറിയ കരുണ അനുഭവിച്ചറിയുകയും ചെയ്തു. ദൈവകാരുണ്യമെന്നത് സ്വന്തം കുറവുകൾ മനസ്സിലാക്കുന്ന എളിമയുള്ള വ്യക്തികളിലേയ്ക്ക് അവിടുന്ന് ചൊരിയുന്ന ഉദാരമായ സ്നേഹമാണ്. ഈ വ്യക്തികൾ ദൈവഹിതമനുസരിച്ച് അശ്രാന്തപരിശ്രമം നടത്തുന്നവരായിരിക്കണമെന്നത് എടുത്തുപറയേണ്ടതില്ല. ഈ പരിശ്രമത്തിനിടയിൽ നമ്മൾ ഒരു പക്ഷേ നമ്മുടെതന്നെ ബലഹീനതകളെ അഭിമുഖീകരിക്കേണ്ടിവരികയും പരാജയം തന്നെ നേരിടുകയും ചെയ്തേക്കാം. എങ്കിൽതന്നെയും നമ്മൾ ദൈവത്തിന്റെ സ്നേഹകടാക്ഷത്തിന് അർഹരാകും എന്നതാണ് ഈ പരിശ്രമംകൊണ്ടുള്ള മേന്മ. ഇവിടെ നമ്മൾ എത്രമാത്രം ആത്മാർത്ഥതയോടും ആത്മവിശ്വാസത്തോടുംകൂടി ദൈവതിരുമുമ്പിൽ നമ്മെത്തന്നെ സമർപ്പിക്കുന്നുവോ അത്രകണ്ട് ദൈവം തന്റെ അനുകമ്പാർദ്രമായ ഹൃദ





യത്തിൽനിന്ന് തന്റെ കരുണ നമ്മുടെമേൽ ചൊരിയും.

രണ്ടാം ലോകമഹായുദ്ധകാലത്തെ ഹിറ്റ്ലറിന്റെ പീഡനങ്ങളും സഭാധികാരികളിൽനിന്നുണ്ടായ തെറ്റിദ്ധാരണകളും ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തെക്കുറിച്ച് പ്രചരിക്കപ്പെട്ട സംശയങ്ങളും അതേ തുടർന്നുണ്ടായ അടിച്ചമർത്തലും ഷേൺസ്റ്റാട്ട് സമൂഹത്തെയും കെന്റണിക്കച്ചനെയും അങ്ങേയറ്റം നിസ്സഹായരാക്കി. എന്നാൽ ഈ കഠിനസാഹചര്യങ്ങളെല്ലാം ഷേൺസ്റ്റാട്ട് സമൂഹത്തിന് ദൈവം കരുണാസമ്പന്നനാണെന്ന് ആഴത്തിൽ അനുഭവിച്ചറിയുന്നതിന് നിമിത്തമായി.

മാമ്മോദീസ സ്വീകരിക്കുന്നതുവഴി നമ്മൾ ദൈവത്തിന്റെ ദത്തുപുത്രരാവുകയും അങ്ങനെ കൈവരുന്ന ശിശുസഹജമായ നിഷ്കളങ്കതയിലൂടെ നിസ്സഹായതയും കുറവുകളും തരണം ചെയ്ത് വളരാൻ നാം പ്രാപ്തരാവുകയും ചെയ്യുന്നു. അതുവഴി വരുന്ന ആത്മവിശ്വാസം ധീരതയിലേയ്ക്ക് നമ്മെ നയിക്കുകയും പ്രതിസന്ധികളെയും ബുദ്ധിമുട്ടുകളെയും തെറ്റിദ്ധാരണകളെയും നേരിടാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഈ രണ്ടുതരത്തിലുള്ള അനുഭവങ്ങൾ അനുകൂലമായ സമൂഹാന്തരീക്ഷത്തിലാണ് സൃഷ്ടിക്കപ്പെടുന്നത്.

ഒരു നല്ല സമൂഹാന്തരീക്ഷത്തിൽ ദൈവത്തിന്റെ സമൃദ്ധമായ കരുണ സ്വീകരിക്കപ്പെടുകയും അവിടെ തുറവിയും ആത്മവിശ്വാസവുമുള്ള കുഞ്ഞുങ്ങൾ വളർന്നുവരികയും ചെയ്യുന്നു. ആ ഇടങ്ങളിൽ സഹോദരീസഹോദരസ്നേഹവും ക്ഷമിക്കാനുള്ള മനസ്സും പങ്കുവയ്ക്കാനുള്ള ഉദാരഭാവവും വളരും. അങ്ങനെ അവിടെ വ്യക്തികൾ ആന്തരികസ്വാതന്ത്ര്യം അനുഭവിക്കുകയും സമാധാനം സൃഷ്ടിക്കുകയും ചെയ്യും.

**സമകാലികപ്രാധാന്യം**

ഈ സന്ദേശം ക്രിസ്തുമസിന്റെ ഒരുക്കത്തിനുള്ള ക്ഷണമാണ്. ദൈവപുത്രനെ ഹൃദയത്തിൽ സ്വീകരിക്കാനും അങ്ങനെ ആഴമായ ദൈവാനുഭവത്തിൽ വളരാനും ഒരു ശിശുവിനെപ്പോലെ പിതാവിന്റെ അളവില്ലാത്ത കരുണ നിറഞ്ഞ സ്നേഹം അനുഭവിക്കാനും പീഡനങ്ങളും അനീതികളും അനുഭവിക്കേണ്ടിവരുമ്പോൾ ദൈവത്തിലാശ്രയിക്കാനും കുടുംബങ്ങളിലെ സഹോദരസ്നേഹം ബലപ്പെടുത്താനുമുള്ള ക്ഷണം.

*(പരിഭാഷ: ബ്രദർ റൊനാൾഡ് ജോർജ്* ISch*)*



ഒരു ദിവസം കഴുതയും പുലിയും പുല്ലിന്റെ നിറത്തെ ചൊല്ലി തർക്കിച്ചു.
കഴുത പറഞ്ഞു: പുല്ലിന്റെ നിറം നീലയാണ്.
പുലി പറഞ്ഞു: പുല്ലിന്റെ നിറം പച്ചയാണ്.
ഏറെ നേരം തർക്കിച്ചിട്ടും രണ്ടാൾക്കും ഒരു സമവായത്തിലെത്താൻ പറ്റിയില്ല. ഒടുവിൽ കാട്ടുരാജാവിനോട് വിധി തേടാൻ തീരുമാനിച്ചു. വിചാരണ ആരംഭിച്ചു. ഓരോരുത്തരും അവരുടെ വാദങ്ങൾ ഉന്നയിച്ചു.
കാഴ്ചക്കാരായ മൃഗങ്ങൾ വിധി കേൾക്കാൻ ചെവി കൂർപ്പിച്ചിരുന്നു. എന്നാൽ എല്ലാവരെയും നിരാശരാക്കി രാജാവ് വിധി കൽപിച്ചു : പുലിക്കു ഒരു മാസത്തെ കഠിനതടവ്! കഴുത നിരപരാധി!!
പുലി വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ചോദിച്ചു: രാജാവേ, പുല്ലിന്റെ നിറം പച്ചയല്ലേ?
രാജാവ്: അതെ.
പുലി: പിന്നെന്തിനാണ് ശരി പറഞ്ഞ എന്നെ അവിടുന്ന് കാരാഗൃഹത്തിൽ അടക്കുന്നത്?
രാജാവ്: നീ പറഞ്ഞത് ശരിയാണ്. പക്ഷെ ഇതുപോലൊരു വിഷയത്തിൽ കഴുതയോടു തർക്കിച്ചതാണ് നീ ചെയ്ത വലിയ തെറ്റ്!
ഇനിയൊരിക്കലും കാര്യങ്ങൾ മനസ്സിലാവാത്തവരോട് നീ തർക്കിക്കാതിരിക്കാൻ വേണ്ടിയുമാണ് ഈ ശിക്ഷ!!!
*ഗുണപാഠം: പറഞ്ഞാൽ മനസ്സിലാവാത്തവരോട് തർക്കത്തിൽ ഏർപ്പെടാതിരിക്കുക.*





ലേഖനം


# പ്രത്യാശ പകരുന്ന തിരുപ്പിറവി



സുജമോൾ ജോസ് ഇല്ലത്തുപറമ്പിൽ

സ്നേഹത്തിന്റെയും പ്രത്യാശയുടെയും ദൂതുമായി മറ്റൊരു ക്രിസ്തുമസ് കാലംകൂടി വന്നുചേർന്നിരിക്കുന്നു. നക്ഷത്രവിളക്കുകൾ തൂക്കിയും പുൽക്കൂടൊരുക്കിയും കരോൾഗാനങ്ങൾ പാടിയും ഏറെ ആവേശത്തോടെയും ആഹ്ലാദത്തോടെയുമാണ് നമ്മൾ ക്രിസ്തുമസിനെ വരവേൽക്കാൻ ഒരുങ്ങുന്നത്. മഞ്ഞുപെയ്യുന്ന രാവിൽ അർപ്പിക്കപ്പെടുന്ന പാതിരാകുർബ്ബാനയും സമ്മാനങ്ങളുമായി എത്തുന്ന സാന്താക്ലോസും ക്രിസ്തുമസ്ട്രീയുമെല്ലാം ഹൃദയത്തെ തൊടുന്ന ഓർമ്മകളാണ്. എത്ര ഉത്സാഹത്തോടെയും സന്തോഷത്തോടെയുമാണ് നാം ഓരോ വർഷവും തിരുപ്പിറവിക്കായി ഒരുങ്ങുക. ഇരുപത്തഞ്ചുദിവസം നോമ്പും പ്രാർത്ഥനയും പരിത്യാഗവുമായി പുണ്യത്തിന്റെ പാതയിലൂടെ ചരിച്ചാണ് നാം പുൽക്കൂട്ടിലേയെക്കെത്തുന്നത്. എന്നാൽ പലപ്പോഴും നമ്മുടെ യാത്ര അവിടെ അവസാനിക്കുന്നു. വീണ്ടും ഒരു കൊല്ലംകൂടി കഴിയുമ്പോൾ നാം അടുത്ത ക്രിസ്തുമസിനായി ഒരുങ്ങുന്നു.

യഥാർത്ഥത്തിൽ ഇതാണോ തിരുപ്പിറവി നമുക്ക് നൽകു ന്ന സന്ദേശം? രക്ഷകന്റെ ജനനവാർത്ത ആദ്യമറിയാൻ ഭാഗ്യം ലഭിച്ചത് അന്നാട്ടിലെ പാവപ്പെട്ട ആട്ടിടയർക്കാണ്. 'ഇതാ, സകലജനങ്ങൾക്കും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു' (ലൂക്ക. 2:10). ഇതാണ് ദൈവദൂതൻ അവർക്കു നൽകിയ സന്ദേശം. ഓരോ വർഷവും തിരുപ്പിറവിയുടെ ഓർമ്മകളിലൂടെ നാം കടന്നുപോകുമ്പോഴും ഈ സന്ദേശവും നാം ഓർക്കേണ്ടതുണ്ട്. ദൈവദൂതൻ നമുക്ക് നൽകുന്ന സന്ദേശവും ഇതാണ്. നമുക്കോരോരുത്തർക്കും വലിയ സന്തോഷം വാഗ്ദാനം ചെ യ്യുന്ന സദ്വാർത്തയാണിത്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിന്റെ ഈ വലിയ സന്തോഷത്തിന്റെ വാഗ്ദാനം നാം അനുഭവിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ആ വലിയ സന്തോഷത്തിന്റെ അനുഭവം സ്വന്തമാക്കുന്നവർക്കാണ് തിരുപ്പിറവി സദ്വാർത്തയായി മാറുന്നത്.



എന്തുകൊണ്ട് നമുക്ക് സന്തോഷം അനുഭവിക്കാൻ കഴിയുന്നില്ല?

പലതരത്തിലുള്ള ജീവിതപ്രശ്നങ്ങളും പ്രതിസന്ധികളും എപ്പോഴും നമുക്ക് ചുറ്റുമുണ്ട്. ഇവയ്ക്കുള്ളിൽ കുരുങ്ങിക്കിടക്കുന്നതുകൊണ്ട് നമുക്ക് മറ്റൊന്നും കാണാനോ കേൾക്കാനോ മനസ്സിലാക്കാനോ സന്തോഷിക്കാനോ ഒന്നും തന്നെ കഴിയുന്നില്ല. സഭാപ്രസംഗകൻ 7:29–ൽ പറയുന്നു. "ദൈവം മനുഷ്യനെ സരളഹൃദയനായി സൃഷ്ടിച്ചു. എന്നാൽ അവന്റെ സങ്കീർണ്ണപ്രശ്നങ്ങൾ അവന്റെതന്നെ സൃഷ്ടിയാണ്. നമ്മുടെതന്നെ കർമ്മഫലമായ സങ്കീർണ്ണപ്രശ്നങ്ങൾ നമ്മുടെ ജീവിതത്തിലെ സന്തോഷം ഇല്ലാതാക്കുന്നു. കണ്ണിലെ ഇരുട്ടിനെ ഹൃദയത്തിലെ വെളിച്ചംകൊണ്ട് അതിജീവിച്ച ഹെലൻ കെല്ലറുടെ വാക്കുകൾ നാം ശ്രദ്ധയോടെ മനസ്സിലാക്കേണ്ടതുണ്ട്. അവർ പറയുന്നു: "സന്തോഷ

"വീരോചിത പുണ്യങ്ങളുടെ ആകെത്തുകയാണ് സന്തോഷം"



ത്തിന്റെ ഒരു വാതിൽ നമുക്ക് മുൻപിൽ അടയുമ്പോൾ മറ്റൊന്നു തുറക്കപ്പെടുന്നുണ്ട്. എന്നാൽ എപ്പോഴും അടഞ്ഞ വാതിൽതന്നെ നോക്കിയിരിക്കുന്നതുകൊണ്ട് നമുക്കത് കാണാൻ കഴിയുന്നില്ല." ഇതാണ് നമ്മുടെയൊക്കെ ജീവിതത്തിൽ സംഭവിക്കുന്നത്. ഒരു ക്രൈസ്തവന്റെ ജീവിതം അടഞ്ഞ വാതിലിനെനോക്കി കരഞ്ഞുതീർക്കേണ്ടതല്ല. ഉണ്ണിയേശുവിനെ കൈകളിൽ എടുത്തുകൊണ്ട് ശിമയോൻ പറയുന്നുണ്ട്. ''സകല ജനങ്ങൾക്കുവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു" (ലൂക്ക. 2:3). നാം ഉൾപ്പെടെയുള്ള സകലജനതകൾക്കും രക്ഷ നൽകാനായാണ് ദൈവകുമാരൻ പുൽക്കൂട്ടിൽ പിറന്നത് എന്ന് തിരിച്ചറിയുന്നവന്റെ ജീവിതത്തിൽ പിന്നെ സങ്കടത്തിന് ഇടമില്ല. ഏത് പ്രശ്നങ്ങളിൽനിന്നും പ്രതിസന്ധികളിൽനിന്നും നമ്മെ രക്ഷിക്കാൻ മതിയായവനാണ് പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽക്കൂട്ടിൽ കിടക്കുന്ന പൊന്നുണ്ണി എന്ന സത്യം നാം വിശ്വസിക്കണം. ഏറ്റുപറയണം അപ്പോൾ പ്രത്യാശയോടെ ജീവിതത്തെനോക്കി കാണാൻ നമുക്ക് കഴിയും. വചനത്തിന്റെ പാതയിൽ ചരിക്കാൻ സാധിക്കും. സന്തോഷം അനുഭവിക്കാൻ കഴിയും.




കുട്ടിക്കാലത്തുണ്ടായ അപകടത്തിൽ പെട്ട് ഇടതുകാൽപാദം വെന്തുരുകിപ്പോയ വ്യക്തിയാണ് ഗ്ലെൻ കണ്ണിംഗ് ഹാം. ജീവിക്കാൻ തന്നെ സാധ്യതയില്ല. അഥവാ ജീവിച്ചാൽ ഒരിക്കലും നടക്കില്ലെന്ന് വൈദ്യശാസ്ത്രം വിധിയെഴുതി. ജീവൻ തിരിച്ചുകിട്ടിയെങ്കിലും കാൽമുറിച്ചുമാറ്റേണ്ടിവരുമെന്ന് ഡോക്ടർമാർ പറഞ്ഞു. കൊച്ചു ഗ്ലെൻ സമ്മതിച്ചില്ല. എന്റെ കാൽ മുറിച്ചുമാറ്റേണ്ട ഞാൻ നടക്കും എന്ന് ആ ബാലൻ ഉറപ്പിച്ചു പറഞ്ഞു. എല്ലാവരും ഗ്ലെന്നിനെ പരിഹസിച്ചു പ്രാർത്ഥനയിലാണ് ഗ്ലെൻ അഭയം തേടിയത്. തന്റെ ആത്മവിശ്വാസം നഷ്ടപ്പെട്ടുപോകും എന്ന് തോന്നുമ്പോൾ ഗ്ലെൻ ഒരു വചനം ഉരുവിടും. ''ദൈവത്തിൽ ആശ്രയിക്കുമ്പോൾ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയുമില്ല" (ഏശയ്യ 40:31). ഒടുവിൽ ലോകത്തെ ഞെട്ടിച്ചുകൊണ്ട് ഗ്ലെൻ വെന്തുരുകിയ മാംസം നഷ്ടപ്പെട്ട കാലുകളുമായി നടക്കാൻ തുടങ്ങി. 12–ാം വയസ്സിൽ സ്കൂൾ കായികമേളയിൽ ലോകറെക്കോർഡ് നേടി 1936–ലെ ബെർലിൻ ഒളിമ്പിക്സിൽ വെള്ളിനേടിക്കൊണ്ട് ഗ്ലെൻ കായികപ്രേമികളെ മാത്രമല്ല ലോകത്തെ തന്നെ വിസ്മയിപ്പിച്ചു. ദൈവത്തിൽ പ്രത്യാശ വയ്ക്കാൻ കഴിഞ്ഞപ്പോൾ ഉരുകിപ്പോയ കാലിനെ നോക്കിനെടുവീർപ്പിടാതെ പുതിയ കുതിപ്പുകൾ നടത്തി ചരിത്രത്തിൽ ഇടം നേടാൻ ഗ്ലെന്നിന് സാധിച്ചു. ഓരോ പുൽക്കൂടും ഈ പ്രത്യാശയുടെ സന്ദേശമാണ് നമുക്ക് തരുന്നത്. നമ്മുടെ രക്ഷയ്ക്കാണ് പിതാവ് തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചത്. അവിടുത്തേയ്ക്ക് അസാധ്യമായി ഒന്നുമില്ല. ഈ പ്രത്യാശയോടെ നമുക്ക് ജീവിക്കാം. വീണ്ടും അടുത്ത ക്രിസ്തുമസ്സിനായി കാത്തിരിക്കാതെ ഓരോ ദിവസവും തിരുപ്പിറവിയുടെ സന്തോഷത്തിലും പ്രത്യാശയിലും നമുക്ക് മുന്നേറാം.

സുജമോൾ ജോസ് : സോഷ്യോളജിയിൽ ബിരുദാനന്തരബിരുദം, സൈക്കോളജി, കൗൺസിലിംഗ് എന്നിവയിൽ ഡിപ്ലോമ. മോട്ടിവേഷണൽ ട്രെയ്നർ, പാരന്റിങ്ങ് വിഷയത്തിൽ ക്ലാസ്സുകളും പ്രഭാഷണങ്ങളും നടത്തുന്നു. കൂടാതെ വർത്തമാനപത്രങ്ങളിൽ പംക്തികൾ എഴുതുകയും ചെയ്യുന്നു.



**ലേഖനം**

# പ്രണയപ്രയാണം



ബ്രദർ ജോ അഗസ്റ്റിൻ

പ്രണയത്തിൽ ആരാണ് ഇരുളെന്നും വെളിച്ചമെന്നും വേർതിരിവുണ്ടാക്കിയത്? ചില പ്രണയം സദാചാരധ്വംസനം മറ്റു ചിലത് സന്മാർഗ്ഗവിരുദ്ധം ഇനിയും ചിലത് അനുവദനീയം, ചിലത് അപലപനീയം. എന്തിനാണ് ഈ വേർതിരിവുകൾ? മനസ്സിന്റെ കോണുകളിൽ ഒരു പ്രണയത്തിന്റെയെങ്കിലും മുറിപ്പാടുകൾ ഇല്ലാത്തവരായ് ആരുണ്ട്? വലിയ യുദ്ധങ്ങളുടെ ചരിത്രങ്ങളിൽ എഴുതിയ ഇതിഹാസങ്ങളിലും പണിതീർത്ത മന്ദിരങ്ങളിൽവരെയും മന്ദഹാസത്തിന്റെയും സംതൃപ്തിയുടെയും വേദനയുടെയും മുറിപ്പാടുകളുടെയും രൂപത്തിൽ പ്രണയത്തിന്റെ കൈയ്യൊപ്പുകൾ ചേർത്തിരിക്കുന്നു.



പിന്നെയും എന്തിനാണ് ഭയക്കുന്നത്? ആർക്കാണ് മനുഷ്യന്റെ ഈ അടിസ്ഥാനവികാരത്തെ അടിച്ചമർത്താൻ സാധിക്കുക? അങ്ങനൊരാളെ ചരിത്രം ഇതുവരെ രേഖപ്പെടുത്തിയിട്ടില്ല. ശരിക്കും തിരികെ കിട്ടുമെന്ന് പ്രതീക്ഷിക്കാതെ അപരനിലേയ്ക്ക് ഒഴുകിയിറങ്ങുന്നതാണ് പ്രണയം, അതൊരു ഇല്ലാതാകലാണ്. അതിലേയ്ക്ക് പ്രവേശിക്കുകയെന്നാൽ എന്നിലെ ഞാൻ മരിക്കുന്നു എന്നാണ്. സ്നേഹത്തിൽ ഒരാൾ മാത്രം. രണ്ടുപേർ ചേർന്ന് ഒരാളായി മാറുന്നു. ഒരാൾ മറ്റൊരാൾക്കുവേണ്ടി മരിക്കുന്നു പിന്നെ എന്നിലെ ഞാൻ ഇല്ലാതാകുന്നു. ഞാൻ നിന്നിൽ അലിയുന്ന പൂർണ്ണപ്രണയത്തിൽ എത്തിയതായ് ഒരുവൻമാത്രം. ഇരുകരങ്ങളും ആകാശവിതാനത്തിൽ വിരിച്ച് അവസാനരക്തം വരെ മറ്റുള്ളവർക്കായി ചിന്തി സ്വയം സ്നേഹത്തിനായി ബലിയായവൻ. അവിടെനിന്നും അവൻ നമ്മെ യും വിളിച്ചു. ആ പ്രാണപ്രിയന്റെ സ്നേഹത്തിൽ അലിയാൻ ആ പ്രണയം ആസ്വദിക്കാൻ.

സ്വന്തം കുരിശുമെടുത്ത് ആ പ്രണയത്തിൽ അലിയുകയെന്നാൽ സ്വയം കുരുതിക്കൊടുക്കുക എന്നുതന്നെയാണ്! അത് ശരിയായി മനസ്സിലാക്കിയവരാണ് വിശുദ്ധാത്മാക്കൾ. അസീസ്സിയിലെ വി. ഫ്രാൻസിസൊക്കെ അവിടുത്തെ പ്രണയത്തിൽ ലയിച്ചവരാണ്. കത്തിച്ചുവച്ച മെഴുകുതിരിയെ നോക്കി സന്തോഷത്തോടെ പറന്നെത്തുന്ന നിശാശലഭങ്ങളെ കണ്ടിട്ടില്ലേ, ഒരു പക്ഷേ അതിനെ തടയുന്നത് നീതിവിരുദ്ധമല്ലേ? ഞാനിന്റെ മരണമാണ് അവിടെയെന്ന് ശലഭത്തിനറിയാം എങ്കിലും ഒരിക്കലെങ്കിലും ആ പ്രകാശത്തെ സ്പർശിക്കാൻ അത് കൊതിക്കുന്നുണ്ടാവും. സഹനമില്ലാതെ പ്രണയസാഫല്യത്തിൽ എത്തിയതായാരുണ്ട് ഈ ഭൂമിയിൽ?

യഥാർത്ഥ പ്രണയത്തിന്റെ ഫോട്ടോ കോപ്പികൾ മാത്രമാണ് നാം കാണുന്ന ഭൗമീകവികാരങ്ങളാൽ തളയ്ക്കപ്പെട്ട പ്രണയങ്ങൾ Part is not whole ഒരു ഭാഗം എല്ലാമാകുന്നില്ല. അത് ഒരു ഭാഗം മാത്രമാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. അപ്പോഴാണ് നമ്മൾ ആ മുഴുവനെ (whole) അന്വേഷിക്കുന്നത്. പിന്നെ എന്താണ് ആരും ആ ഈശ്വരനെ പ്രണയിക്കാത്തത്? ഈശ്വരനെ പ്രണയിക്കാമോ? ആരും നെറ്റി ചുളുക്കി ചോദിക്കും. ഭാരതീയ കാവ്യ പാരമ്പര്യത്തിലെ മീരാഭായ് മുതൽ ഇട്ട തുണിവരെ ഊരി തന്റെ പിതാവിന്റെ കാൽക്കൽവച്ച് 'അങ്ങേയ്ക്കിനി എന്നിൽ ഒരവകാശവുമില്ല ഞാൻ സ്വർഗ്ഗസ്ഥനായ പിതാവിന് മാത്രം സ്വന്തമെന്ന് പറഞ്ഞ് തെരുവിൽ അലഞ്ഞ ഫ്രാൻസിസും കുഷ്ഠരോഗികൾക്കുംവേണ്ടി



സ്വയം കുഷ്ഠരോഗിയായ മാറിയ വി. ഡാമിയനും പൊട്ടിയൊഴുകിയ വ്രണങ്ങളിൽ ക്രിസ്തുവിനെ കണ്ട് അവരെ ശുശ്രൂഷിച്ച് കൽക്കട്ടയിലെ അമ്മ യുമൊക്കെ ഈ പാത നമുക്കായ് തുറന്നവരാണ്.

സ്നേഹിക്കാനാരുമില്ലായെന്ന് പറഞ്ഞ് വിലപിക്കുന്നവരാണ് ഭൂമിയിൽ അധികവും. ഒരുകാലത്ത് മേനിയഴകിന്റെ പര്യായമായിരുന്നു മെർലിൻ മൺറോയ് യൗവ്വനത്തിൽതന്നെ ആത്മഹത്യചെയ്ത് ഇങ്ങനെ എഴുതി വച്ചു. 'ഏകാന്തത എന്നെ വേട്ടയാടുന്നു" അപ്പോൾ ശരീരസൗന്ദര്യമോ പണമോ പ്രശസ്തിയോ അല്ല പ്രണയത്തിനടിസ്ഥാനം. പ്രണയനൈരാശ്യത്തിന്റെ എത്രയെത്രയോ മരണക്കുറിപ്പുകൾ നമ്മുടെ ചരിത്രം രേഖപ്പെടുത്തി.

ഭൂമിയിലെ ഏറ്റവും വലിയ ദാരിദ്ര്യം ഭക്ഷണമോ വസ്ത്രമോ അല്ല, ശ്രവിക്കുവാൻ ഒരാളില്ലാതാവുന്നതാണ്. ഭൂമിയിലെ ഏറ്റവും വലിയ വേദന ശാരീരികമായ മുറിവുകളുടെയോ രോഗങ്ങളുടെയോ അല്ല, മറിച്ച് സ്നേഹിക്കാനോ സ്നേഹിക്കപ്പെടാനോ ആരുമില്ലാതാവുന്നതാണ്. ഇതുതന്നെയല്ലേ നമ്മുടെ ഇന്നുകളുടെയും ഇന്നലെകളുടെയും പ്രശ്നം.

നിത്യസ്നേഹത്തെ നാം കാണാതെ കണ്ണടച്ച് എനിക്കാരുമില്ലായെന്ന് വരുത്തിത്തീർക്കുന്നു. ഉൾക്കണ്ണുകൾ ഒന്നു തുറന്നാൽ നമുക്ക് കാണാം. തോളോടുതോൾ ചേർന്നും നിന്റെ പൊട്ടിച്ചിരികളിൽ കൂട്ടുചേർന്നും നിന്റെ സങ്കടങ്ങളിൽ നെടുവീർപ്പിട്ടും നിന്റെ കുരിശിന്റെ മറുവശത്ത് നിനക്ക് ഇണയും തുണയുമായ് നിന്റെ ദൈവം. വി. അഗസ്റ്റിൻ വിവിധ സ്നേഹപരീക്ഷണങ്ങൾക്കൊടുവിൽ ആ നിത്യസത്യത്തെ തിരിച്ചറിഞ്ഞപ്പോൾ ഇങ്ങനെ പാടി "ദൈവമേ നീയെന്നെ നിനക്കായ് സൃഷ്ടിച്ചു നിന്നിൽമാത്രം ഞാൻ സംതൃപ്തി പ്രാപിക്കും." പ്രണയത്തിന്റെ അനന്തസാഗരമായ ക്രിസ്തുവിൽ അലിയുന്നവനു മാത്രമാണ് സംതൃപ്തി. ക്രിസ്തു കാനാൻ കാരിയോട് പറയുന്നുണ്ട്: "നിന്റെ മനസ്സ് ദാഹിക്കുന്നത് എന്താണെന്ന് എനിക്കറിയാം. ഈ കിണറുകൾക്കോ അതിലോ ജലമോ നിന്റെ ദാഹം ശാശ്വതമായ് ശമിപ്പിക്കുകയില്ല എന്നാൽ ജീവന്റെ ഉറവ എന്നിൽ മാത്രമാണ്. അവൾ വെള്ളം കോരാൻ കൊണ്ടുവന്ന തൊട്ടിവലിച്ചെറിഞ്ഞ് ഓടി നടന്ന് നാടുമൊത്തം പ്രഘോഷിച്ചു. അവസാനം ഞാൻ ജീവന്റെ ഉറവ കണ്ടെത്തിയെന്ന് കാനാൻകാരി. ജീവന്റെ ഉറവ കണ്ടെത്തിയവർ പിന്നെ കിണറുകൾ അന്വേഷിച്ചലയുന്നത് മണ്ടത്തരമല്ലെ? Part is not whole മുഴുവനും കണ്ടെത്തിയവർ ഭാഗങ്ങളന്വേഷിച്ചലയേണ്ട കാര്യമില്ലാലോ.

ഇനിയും ഉള്ളിലെ നിത്യജീവന്റെ ഉറവ തിരിച്ചറിയാതെ കിണറുകൾ തേടി അലയുന്നവരാണോ നാം? ഇനിയെങ്കിലും കരുതിവെച്ചിരിക്കുന്ന പാളകളും കയറുകളും നമുക്ക് ഉപേക്ഷിക്കാം. ജീവന്റെ അരുവിയിൽ നിന്നും നീർ നുകരാം. ആ പ്രണയസാഗരത്തിൽ ഒരു നീർത്തുള്ളിയായ് നമുക്ക് അലിഞ്ഞുചേരാം.



ലേഖനം

# ഇടയന്മാരുടെ കുഞ്ഞാട്



**സി. റുഡോൾഫ് സി. എച്ച്. എഫ്.**
ഡോൺ ബോസ്കോ കോൺവെന്റ്, കൊടകര

അവർ ജോലിയെല്ലാം പൂർത്തിയാക്കി കുന്നിൻചെരുവിൽ അലഞ്ഞ് തിരിഞ്ഞ് ആടുകളെയെല്ലാം തങ്ങളുടെ താവളത്തിലാക്കി കുളിച്ച് ഉറക്കം ആരംഭിച്ചു. അതാ മധുരമനോഹരമായ ഒരു ഗാനം. ആ ഗാനമാധുരി ആസ്വദി ച്ച് അവരെല്ലാം തട്ടിപ്പിടഞ്ഞെഴുന്നേറ്റു. ഗായകരെ അവർ താഴെ കുന്നിൻചെരുവിലും മറ്റ് എല്ലായിടത്തും അന്വേഷിച്ചു അവിടെയെങ്ങും അവരെ കണ്ടില്ല. അതാ! ആകാശത്തു ശുഭ്രവസ്ത്രധാരികൾ! അവർ അന്ധാളിച്ചു നോക്കിനിൽക്കെ ദൂതൻ അവരോടു പറഞ്ഞു: "ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾക്കാണും". പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽതൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശു രക്ഷകനാണെന്നോ! നമുക്ക് ഒന്നു പോയിനോക്കിവരാം.



അവർ ആളുടെ കാര്യം പോലും മറന്നു. അവയെവിട്ടു ശിശുവിനെ അന്വേഷിച്ചു യാത്രയായി. ഓരോ വലിയ വീടിന്റെ പടിക്കലും ആൾക്കൂട്ടം ഉണ്ടോ എന്നവർ തിരക്കി പോകുന്ന വഴികളിലെല്ലാം അവർ രക്ഷകനെ അന്വേഷിച്ചു. അപ്പോൾ അവരിൽ ഒരാൾക്ക് ഒരു ബുദ്ധിയുദിച്ചു. ഈ അടുത്ത സത്രത്തിൽ അന്വേഷിച്ചാൽ നമുക്ക് എന്തെങ്കിലും തുമ്പ് കിട്ടിയെന്നു വരും. അവൻ സത്രത്തിൽ കയറി ആ സത്രം സൂക്ഷിപ്പുകാരനോട് ചോദിച്ചു: "ഇവിടെ എവിടെയെങ്കിലും ഈ രാത്രിയിൽ ഒരു ശിശു ജനിച്ചിട്ടുണ്ടോ എന്നറിയാമോ? ഇന്നലെ രാത്രിയിൽ അവശയായ ഒരു ഗർഭിണിയും അവരുടെ ഭർത്താവും കൂടി ഇവിടെ സ്ഥലമന്വേഷിച്ചുവന്നു. ഇവിടെ നല്ല തിരക്കായിരുന്നു. കണ്ടാൽ വളരെ അവശരായിരുന്നു അവർ. അതുകൊണ്ട് ഞാൻ എന്റെ തൊഴുത്തുകാണിച്ചു കൊടുത്തിട്ടു പറഞ്ഞു: ''ഇന്ന് ഇവിടെ സ്ഥലം കിട്ടാൻ വിഷമമാണ്. നിങ്ങൾക്കു വേണമെങ്കിൽ എന്റെ തൊഴുത്തിൽ ചിലവഴിക്കാം'' അവർ അങ്ങോട്ടു പോയി. എനിക്ക് ഒന്നു തിരിഞ്ഞുനോക്കാൻ പോ ലും സമയം കിട്ടിയിട്ടില്ല. നിങ്ങൾ പോയി നോക്കിക്കോളൂ.

ആട്ടിടയന്മാർ ആ തൊഴുത്തിൽ പ്രവേശിച്ചു, ദൂതൻ പറഞ്ഞതുപോലെ ശിശുവിനെ കണ്ടുവണങ്ങി സന്തോഷിച്ചു തിരിച്ച് തങ്ങളുടെ പ്രിയപ്പെട്ട ആടുകളുടെ അടുത്തേയ്ക്കു മടങ്ങി. അവാ

"വിശ്വസ്തതയോടെ ഒരുമിച്ച് നിൽക്കുക; സ്നേഹം എല്ലാറ്റിനെയും കീഴ്പ്പെടുത്തുന്നു എന്ന് മറക്കാതിരിക്കുക"



ച്യമായ ഒരാനന്ദം, അവരുടെ ഹൃദയങ്ങളിൽ അലയടിച്ചിരുന്നു.

ലോകരക്ഷകനായ യേശുവിനെ ആദ്യമായി കാണാൻ ഭാഗ്യം ലഭിച്ച മനുഷ്യർ! അവിടുത്തേയ്ക്കുള്ള ആദ്യകൂട്ട് കാലികളായിരുന്നു.

എന്തൊരു വിരോധാഭാസം - എന്ത്യേ അവിടുത്തെ ജനനം ആദ്യമായി ആട്ടിടയരെ അറിയിച്ചു? എന്ത്യേ രക്ഷകൻ മണിമന്ദിരങ്ങൾ വിട്ട്, കാലിക്കൂട്ടിൽ പിറന്നു? ഇവിടെയാണ് നമ്മുടെ ചിന്ത പതിയേണ്ടത്. നിഷ്കളങ്കരും ഭാവിയെപ്പറ്റി ചിന്തയില്ലാത്തവരും ദൈവത്തിന്റെ പാവങ്ങളുമായവരെ അവിടുന്നു ഇഷ്ടപ്പെടുന്നു എന്ന് ഇത് നമ്മെ ഓർമ്മിപ്പിച്ചു. അഹന്ത വെടിഞ്ഞ് ദൈവത്തെ ആശ്രയിച്ചു ജീവിക്കുന്നവർക്കാണ് ദൈവം ദർശനമരുളാൻ ആഗ്രഹിക്കുന്നത്. രക്ഷകന്റെ ജനനം കൊണ്ടാടുന്ന ക്രിസ്തുമസ് ഇതാ അടുത്തുവരുന്നു. നമുക്ക് നമ്മെത്തന്നെ ഒന്നു പരിശോധിക്കാം. രക്ഷകൻ പിറക്കാൻ എന്റെ ഹൃദയം അവിടുന്നു ആഗ്രഹിക്കുന്നുവോ? അതിനുതക്ക നിഷ്കളങ്കവും കരുണ നിറഞ്ഞതും സ്നേഹത്താൽ ജ്വലിക്കുന്നതുമാണോ എന്റെ ഹൃദയം? അല്ലെങ്കിൽ ഇനിയു ള്ള ദിവസങ്ങൾ അതിനായി നമുക്ക് ശ്രമിക്കാം. അങ്ങനെ ക്രിസ്തുമസ്സിന്റെ - രക്ഷകന്റെ പിറവിയുടെ സകല സന്തോഷവും സാന്നിദ്ധ്യവും നമുക്ക് ആസ്വദിക്കാം. ■

കവിത

# പുതുവസന്തം



മുഹ്സീന

കാലമാം ചക്രവാളം പെയ്തൊഴിഞ്ഞ
പൂവാം ഓർമ്മകൾ കൂടു-
കൂട്ടി ചില്ലയിൽ ഓർമ്മതൻ
കനികൾ മാത്രമായി മുറ്റത്തു
നില്ക്കുമശോകമരത്തിൽ
നിന്നിറ്റു വീഴുന്ന വെൺ
തുള്ളികൾ ഇന്നലെയോളം
പെയ്തൊരാ വർഷമായ്
വീഴുന്ന കണ്ണുനീരോ കയ്പ്പേറും
ജീവിതയാതനയിൽ
പുതുവത്സരമാം ദിനം മായാത്ത
ഓർമ്മയിൽ, മൗനങ്ങളിൽ ഇന്ന്
ഞാൻ ഈ സത്യവിസ്മയം
തേടി തളർന്നുപോയി
മറഞ്ഞു ഈ ചക്രവാളത്തിൽ
മഞ്ഞിൽ, വേനലിൽ ചുടുകണ്ണീർ
മാത്രമേ വറ്റി വരളുമീ
വേനലിൽ വറുതിയിൽ
പുഷ്പങ്ങളെല്ലാം കൊഴിഞ്ഞുപോയി
മഴയില്ല, കുളിരില്ല കളകളം
പായുന്ന പുഴയുമില്ല
ഈ യാതനകൾതൻ അന്ത്യമാം
കാലം മറച്ച പുതുവത്സരമാംദിനം
കാലത്തിൻ പുതുവസന്തമായി
ഒഴുകി എത്തി ഇന്നീ പുതുദിനം.

ലേഖനം

# ഇമ്പം നൽകും പുൽക്കൂട്ടിലെ തിരുക്കുടുംബം



ഫാ. വിൽസൻ പാറേക്കാട്ടിൽ ISch

ഉറകെട്ട ഉപ്പും വീഞ്ഞ് തീർന്നുപോയ അവസ്ഥയും "ഇമ്പം" നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പ്രതീകങ്ങളാണല്ലോ. "ഇമ്പം" എന്നത് കുടുംബത്തിന്റെ ആത്മാവാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തിലും ചേർക്കേണ്ട ചേരുവകളെല്ലാം യഥാവിധം ചേർക്കുന്നതിന്റെ ഫലമായി കുടുംബത്തിൽ ഉണ്ടാകുന്ന ആ അന്തരീക്ഷത്തിനെ നാം "ഇമ്പം" എന്ന് പറയുന്നു. ഇത് നഷ്ടപ്പെട്ട അവസ്ഥയെ ഉറകെട്ട ഉറപ്പിനോടും വീഞ്ഞ് തീർന്ന അവസ്ഥയോടും ഉപമിക്കാം. തിരുകുടുംബത്തിന്റെ പ്രതീകമായ പുൽക്കൂടുകൾ ഉണ്ടാക്കി ക്രിസ്തുമസ്സ് ആഘോഷിക്കാൻ നാം ഒരുങ്ങുമ്പോൾ, ആ പുൽക്കൂട്ടിലെ പരസ്പര ബന്ധത്തിന്റെ അതേ ചേരുവകളാണ് നമ്മുടെ കുടുംബങ്ങളേയും ഉറകെടാതെ കാക്കുന്നത് എന്ന് നമുക്കോർക്കാം.



ദരിദ്രനായ ക്രിസ്തുവിനെ ആശ്ലേഷിച്ച വി. ഫ്രാൻസീസ് അസീസ്സിയിൽ നിന്നാണ് ക്രിസ്തുമസ്സ് ആഘോഷത്തിന്റെ പ്രതീകമായ പുൽക്കൂടിന്റെ ഉത്ഭവം. തുടക്കം മുതലേ തിരുക്കുടുംബത്തിൽ ഉണ്ടായിരുന്ന ലാളിത്യത്തിന്റെയും ദൈവാശ്രയബോധത്തിന്റെയും ഉത്തരവാദിത്തപൂർണ്ണമായ മാതാപിതൃത്വത്തിന്റെയും (Responsible Parenthood) പ്രതീകമാണ് തിരുക്കുടുംബം. വൈകുന്നേരങ്ങൾ തോറും തിരുക്കുടുംബത്തിന്റെയും തിരുഹൃദയത്തിന്റെയും രൂപങ്ങൾക്ക് മുൻപിൽ മക്കളും മാതാപിതാക്കളും ഒരുമിച്ചിരുന്ന് ചൊല്ലിയ ജപമാലകളും ലളിതമെങ്കിലും ആനന്ദകരമായ നമ്മുടെ ക്രിസ്തുമസ്സ് ആഘോഷങ്ങളും ഒക്കെ തിരുക്കുടുംബത്തിലെ "ഇമ്പം" നമ്മുടെ കുടുംബങ്ങളിലും ജനിപ്പിച്ച ഘടകങ്ങൾ ആയിരുന്നു. ഇന്നാകട്ടെ കണക്കുകളുടെ പശ്ചാത്തലത്തിൽ കേരളം "ഡിവേഴ്സിന്റെ തലസ്ഥാനം" എന്ന് കരുതപ്പെടുമ്പോൾ കുടുംബത്തിന് "ഇമ്പം" നൽകിയ ഘടകങ്ങളുടെ അടിത്തറ ഇളകുന്നു എന്നും ഇനിയും കൂടുതൽ ഉലച്ചിൽ പ്രതീക്ഷിക്കാം എന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

അതുകൊണ്ട് പുൽക്കൂട്ടിലെ തിരുക്കുടുംബത്തിന്റെ 'ചേരുവ'കളിലേയ്ക്ക് തിരിച്ച് നടക്കാൻ സമയമായി. തിരുക്കുടുംബത്തിന്റെയും പുൽക്കൂടിന്റെയും ഒന്നാമത്തെ പ്രത്യേകത അത് ക്രിസ്തുകേന്ദ്രീകൃതമായിരുന്നു എന്നതാണ്. ദൈവപുത്രൻ സ്വന്തം മകനായി ജനിച്ചപ്പോൾ, ജീവിതം മുഴുവനും ആ മകനെ കേന്ദ്രീകരിച്ച് ജീവിച്ച മാതാപിതാക്കൾ. ആ മകൻ അവരുടെ സുഖത്തിന്റെയും ദുഃഖത്തിന്റെയും കേന്ദ്രബിന്ദുവായി. മകനാകട്ടെ മാതാപിതാക്കന്മാർക്ക് കീഴ്പ്പെട്ട് ജീവിക്കുകയും ചെയ്തു. മക്കളുടെ ആഗ്രഹങ്ങളും തന്നിഷ്ടങ്ങളും കുടുംബം ഭരിക്കുന്ന അവസ്ഥ ആയിരുന്നില്ല. "ഉത്തരവാദിത്വപൂർണ്ണമായ മാതൃപിതൃത്വം" (Responsible Parenthood) എന്നാണ് സഭ മാതാപിതാക്കളുടെ പങ്കിനെ വിശേഷിപ്പിക്കുന്നത്. മക്കളും, ഭാര്യാഭർത്താക്കന്മാരുടെ സന്തോഷവും വിവാഹത്തിന്റെ ലക്ഷ്യമായി കാണുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ രണ്ട് ലക്ഷ്യങ്ങളേയും പരസ്പരപൂരകങ്ങളായി കാണുന്നു എന്നതും വളരെ ശ്രദ്ധേയമാണ്.

"ഞാൻ ദൈവപിതാവിന്റെ സ്വന്തമാണ് എന്ന് അറിയുന്നതാണ് ഏറ്റവും വിലമതിക്കപ്പെടുന്ന നിധി"



മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിന്റെ ചേരുവകളും അവയുടെ ശരിയായ അനുപാതവും കുടുംബത്തിന്റെ 'ഇമ്പ'ത്തിന് അത്യന്താപേക്ഷിതമാണ്. ഫോൺ വിളിക്കാനോ, ടി. വി. കാണാനോ, അല്ലെങ്കിൽ മറ്റെന്തിനെങ്കിലും വേണ്ടി കുഞ്ഞുങ്ങളുടെ ശല്യം ഒഴിവാക്കാൻ അവർക്ക് സ്മാർട്ട് ഫോൺ കളിക്കാൻ കൊടുക്കുന്ന മാതാപിതാക്കന്മാരും ക്ഷമയോടും, ശാന്തതയോടുംകൂടി കുട്ടികളുടെ ശാഠ്യത്തെ മനസ്സിലാക്കി വിവേകത്തോടെ അവരെ രൂപപ്പെടുത്തിയെടുക്കുന്നതിന് പകരം എളുപ്പവഴിയിൽ ക്രിയ ചെയ്ത് മക്കൾക്ക് ചോദിക്കുന്നതെല്ലാം കൊടുക്കുന്ന മാതാപിതാക്കന്മാരും ആർഭാടത്തിനും സുഖലോലുപതയ്ക്കും വേണ്ടി മക്കളുടെ എണ്ണത്തിൽ പരമാവധി മിതത്വം പാലിക്കുന്ന മാതാപിതാക്കന്മാരും 'ഉത്തരവാദിത്വപൂർണ്ണമായ മാതൃപിതൃത്വത്തിൽ നിന്നും' വ്യതിചലിക്കുന്നു. കണക്കുകൾ പ്രകാരം 2008നെ അപേക്ഷിച്ച് 2013–ൽ കേരളത്തിൽ ക്രൈസ്തവ മാതാപിതാക്കന്മാർക്ക് ജനിക്കുന്ന കുട്ടികളുടെ എണ്ണം 10485 കുറവാണ്. അതായത് ചില സമുദായങ്ങളിൽ 55% കുട്ടികൾ ജനിക്കുകയും ക്രിസ്ത്യാനികൾ 2.2% കുറയുകയും ചെയ്യുമ്പോൾ ഏതാനും വർഷങ്ങൾകൊണ്ട് കേരളത്തിന്റെ ചിത്രം മാറും എന്നത് സംശയാതീതമാണ്.



തിരുക്കുടുംബത്തിന്റെ രണ്ടാമത്തെ പ്രധാന ചേരുവ ഭാര്യാഭർതൃബന്ധത്തിൽ ഇമ്പം ഉണ്ടാക്കുന്ന ഘടകങ്ങൾ ആണ്. മറിയം അമലോത്ഭവ ആയതുകൊണ്ട് ഞാൻ ഈ വീട്ടിൽ ആരും അല്ല എന്ന് യൗസേപ്പോ, അപ്പനും മകനും ആണായതുകൊണ്ട് ഞാൻ ഈ കുടുംബത്തിൽ അടിച്ചമർത്തപ്പെടുന്ന, തരം താഴ്ത്തപ്പെടുന്ന സ്ത്രീയാണ് എന്ന് മറിയമോ ചിന്തിച്ചിരുന്നെങ്കിൽ തിരുക്കുടുംബവും ഏദേൻതോട്ടത്തിലെ കുടുംബംപോലെ ആകുമായിരുന്നു.

സ്ത്രീകളെ തരം താഴ്ത്തിക്കാണുന്ന ഒരു സംസ്കാരം ആണ് കേരളത്തിലും ഇന്ത്യയിലും ലോകത്തിലും നിലനിന്നത് എന്നത് സത്യമാണ്. എന്നാൽ ഈ തരംതാഴ്ത്തലിനെതിരായ പോരാട്ടത്തിൽ "ആണുങ്ങൾക്കാകാമെങ്കിൽ ഞങ്ങൾക്കും വേണം മീശ" എന്ന് പെണ്ണുങ്ങൾ പറഞ്ഞാൽ സ്ത്രീത്വത്തിനുള്ള അവഹേളനം ആകും അത്. അങ്ങനെ സ്ത്രീകൾ വാദിക്കേണ്ടി വരുന്നത് അവർ അനുഭവിച്ച അടിച്ചമർത്തലിനോടുള്ള പ്രതികരണമാണ് എന്ന് പുരുഷന്മാരും തിരിച്ചറിയണം.

സ്ത്രീയും പുരുഷനും പരസ്പരപൂരകങ്ങളായ രണ്ട് വ്യക്തികളാണെന്നും, അവർ ഒരുമിക്കുമ്പോൾ, ഫ്രാൻസീസ് പാപ്പ ഓർമ്മപ്പെടുത്തുന്നത് പോലെ മനുഷ്യനിൽ ദൈവം വിഭാവനം ചെയ്ത 'ദൈവീകസാദൃശ്യം' പൂർണമാകുന്നു എന്ന തിരിച്ചറിവാണ് ഉണ്ടാകുന്നത്. ആണോ പെണ്ണോ; അണ്ടിയോ മാവോ മൂത്തത്? എന്ന ചരിത്രപരമായ ഡിബേറ്റിന്റെ അവസാനത്തിന്റെ തുടക്കം. ഒരു സ്ത്രീ, സ്ത്രൈണഭാവത്തിന്റെ നന്മകൾ ഉൾക്കൊള്ളുകയും; പുരുഷൻ പൗരുഷത്തിന്റെ നന്മകൾ ഉൾക്കൊള്ളുകയും രണ്ടുപേരും പരസ്പരം അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുമ്പോൾ അവർ രണ്ടുപേരും കുടുംബത്തിന്റെ അനിവാര്യമായ അടിസ്ഥാനശിലകളായിമാറും. അങ്ങനെ വരുമ്പോൾ മീശവച്ചില്ലെങ്കിലും സ്ത്രീയും; ഭാര്യയുടെ തലയിൽ കയറി ഇരുന്നില്ലെങ്കിലും ഭർത്താവും; കുടുംബത്തിന്റെ സംതൃപ്തിയും സാക്ഷാത്ക്കാരവും അനുഭവിക്കും. എല്ലാറ്റിലും ഉപരിയായി രണ്ടുപേർക്കും ഒരുമിച്ച് ഇങ്ങനെ പ്രാർത്ഥിക്കാൻ സാധിക്കും; "ഈശോയെ, ഞങ്ങളുടെ കുടുംബം അങ്ങേ തിരുക്കുടുംബത്തിന് അനുരൂപമാക്കണമേ." ■

ലേഖനം

# സ്വാഗതം കുഞ്ഞിക്കാറ്റേ...



ഫാ. റോബിൻ തെക്കേൽ

പുതുവർഷത്തിന്റെ പാതിരാവിൽ പതിവായി ചെയ്യുന്നതും അസ്വസ്ഥതപ്പെടുത്തുന്നതുമായ ഒരു പ്രാർത്ഥന ഉണ്ട്. കഴിഞ്ഞ വർഷം നമ്മോടൊപ്പം പുതുവർഷം ആഘോഷിച്ച പലരും ഇന്ന് നമ്മോടൊപ്പമില്ല. അടുത്ത പുതുവർഷത്തിൽ ആരൊക്കെ ഉണ്ടാകും എന്നറിയില്ല. വിങ്ങലോടെ മനസ്സ് മന്ത്രിക്കുകയാണ്, നിനക്കെങ്ങനെ ദൈവത്തിന് നന്ദി പറയാനാകും, പറയാതിരിക്കാനാകും?

ഷാരോണിന്റെ വീടാണ് മനസ്സിൽ. നീല ടാർപ്പ വലിച്ചുകെട്ടിയ കൊച്ചുപന്തലിൽ പൂക്കൾ നിറച്ച കൊച്ചുപെട്ടിയിൽ ഒരു മനുഷ്യകുട്ടിയായല്ല, ഒരു മാലാഖ കുഞ്ഞായിട്ടാണ് അവൻ കിടക്കുന്നത്. മുഖത്തേയ്ക്ക് നോക്കാനാകാതെ നിലത്തേയ്ക്ക് നോ ക്കുമ്പോൾ തലേന്നും കഞ്ഞിയും കറിയും കളിച്ചിട്ട് ഉപേക്ഷിച്ച ചിരട്ടയാണ് തറയിൽ കിടക്കുന്നത്. കഞ്ഞീം കറീം കളിച്ചവരൊക്കെയും യാത്ര പറയാതെ എവിടെക്കാണോ ഈ പോകുന്നത്?




'ജനുവരിയിലെ ജമന്തി പൂക്കൾ' എന്നു വയലാർ പാടിയപ്പോൾ അത് പ്രാസം ഒപ്പിക്കാനാണെന്ന് തെറ്റിദ്ധരിച്ചു. ജനുവരിയിലെ കഴിഞ്ഞ കാല വിലയിരുത്തലുകൾ ജമന്തിപ്പൂക്കളല്ല ചെമ്പരത്തിപ്പൂക്കളായിത്തന്നെ അനുഭവപ്പെടുന്ന മരണഓർമ്മകൾ മറക്കാനാവാത്തതാണ്. ആടാനറിയാം, പാടാനറിയാം, സൗന്ദര്യവും മറ്റു കഴിവുകളുമുണ്ടായിട്ടും ക്യാൻസറിന്റെ കരങ്ങളിൽ ഞെരുക്കപ്പെട്ട് നിറയൗവനത്തിൽ ജീവൻ വെടിയേണ്ടിവന്ന പ്രിയപ്പെട്ട കൂട്ടുകാരി നിന്നെ ഓർക്കുമ്പോൾ ഹാ പുഷ്പമേ.. എന്നു പാടാൻ പോലും ദുഃഖം അനുവദിക്കുന്നില്ല. ഈശ്വരപദ്ധതികളോട് വഴക്കിടുകയല്ല ഉദ്ദേശ്യം മനസ്സിലാക്കാൻ ശ്രമിച്ച് അടിയറവ് വയ്ക്കുവാൻ മനസ്സു രൂപപ്പെടുത്തുവാൻ പ്രാർത്ഥിക്കുകയാണ്. പുതുവർഷത്തിന്റെ ശോഭയിൽ പഴയതിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് പുതിയതിൽ പ്രതീക്ഷ വെച്ച് ഇന്നിന്റെ നന്മയെ അനുഭവിക്കുവാൻ മനസ്സിനെ പഠിപ്പിക്കുക തന്നെ. ഋതുക്കൾക്കൊപ്പം ആരും പൂക്കാതിരിക്കരുത്. കായ്ക്കാതിരിക്കരുത്. ഇല പൊഴിക്കാതിരിക്കരുത്. തളിർക്കാതിരിക്കരുത്. ഒന്നും പ്രകൃതിക്ക് വിരുദ്ധമാകരുത്.

കാണുന്ന കാഴ്ചകൾക്ക് അഴകു കുറയുന്നതിനു കാരണം കണ്ണിന്റെ പ്രശ്നമായിരിക്കും എന്ന് തിരിച്ചറിയാത്തവരാണ് നമ്മൾ. 'പൊട്ടക്കിണറ്റിലെ തവളകൾ' പോലെ പരിമിതമായ എന്റെ അറിവിന്റെ കോണിലേയ്ക്ക് 'അജ്ഞാതമവർണ്ണനീയമായ' ലോകത്തെ ഒതുക്കുവാനുള്ള തത്രപ്പാട് മനുഷ്യൻ ഇപ്പോഴും നടത്തിക്കൊണ്ടേയിരിക്കുന്നു. അറിയുംതോറും അജ്ഞത വർധിക്കുന്ന പ്രഹേളികയെ തിരിച്ചറിയുന്നവർ ഈശ്വരചിന്തയിൽ വളരുകയും ശാന്തജീവിതം പ്രാപിക്കുകയും ചെയ്യുന്നു. അറിവിന്റെ ലോകത്തെ തിരിച്ചറിയാത്തവരോ, അജ്ഞതയുടെ പിന്നാലെ അലഞ്ഞ് അഹങ്കാരികളായി ജീവിച്ചുമരിക്കുന്നു. ആണ്ടിന്റെ ആരംഭത്തിൽതന്നെ കണക്കിന്റെ ഇത്തരം കൂട്ടിക്കുറക്കലുകൾ അർത്ഥപൂർണ്ണജീവിതത്തിന് വഴിതെളിക്കാറുണ്ട്.

"സഹനത്തേക്കാൾ വലുതായിരിക്കണം നിങ്ങളുടെ സ്നേഹം. അപ്പോഴാണ് മനസ്സുകൊണ്ട് കുരിശുകളെ സ്വീകരിക്കാൻ കഴിയുന്നത്"





പുതുവർഷത്തിൽ ഞാൻ തുറക്കുന്ന ജനലുകളൊക്കെയും തെളിഞ്ഞ ആകാശം പ്രദാനം ചെയ്യട്ടെ. പച്ചപ്പിന്റെ പുതിയ ലോകം എന്റെ മനസ്സിനെ കുളിർപ്പിക്കും. ശിശുത്വത്തിന്റെ നൈർമ്മല്യത്തിലേയ്ക്കു മടങ്ങിയെത്തി, പുഴകളോട് സംസാരിക്കാൻ, പുഴുക്കളോട് വഴക്കടിക്കാൻ, കിളികളോട് കലപില കൂട്ടാൻ, വൃക്ഷതലപ്പുകളുടെ ആശീർവാദം ഏറ്റുവാങ്ങാൻ, 'മനസ്സേ റിലാക്സ് പ്ലീസ്' എന്നു മനസ്സിനോട് മന്ത്രിക്കാൻ, മഴ പറയുന്ന രഹസ്യങ്ങൾക്ക് കാതോർക്കാൻ, കുളിർമ രോമകൂപങ്ങളിലേയ്ക്ക്, പകർന്നെടുക്കാൻ, സ്വാർത്ഥരഹിത പ്രണയങ്ങളുടെ ഈറൻതണുപ്പിൽ വിശുദ്ധിയിലേയ്ക്ക് പ്രവേശിക്കാൻ, ഒരു പ്രസാദത്തിന്റെ തെളിനീരിൽ സ്നാനപ്പെടാൻ, അസ്തമയസൂര്യന്റെ ശാന്തതയെ നെഞ്ചിലേറ്റെടുക്കാൻ, പുതുവർഷം എന്നെ പ്രാപ്തനാക്കട്ടെ.

'ആസ്വദിക്കൂ' എന്ന് പറയുന്നവരൊക്കെ ചാർവാകന്റെയോ എപ്പിക്യൂറിയന്റെയോ പിൻഗാമികളായി മുദ്രകുത്തപ്പെടരുത്. 'ത്യജിക്കുവിൻ എന്നു പറയുന്നവരൊക്കെയും ക്രിസ്തുവിന്റെയോ അസീസ്സിയുടെയോ ഗാന്ധിയുടെയോ മാർഗ്ഗം പിൻചെല്ലുന്നവരും ആകണമെന്നില്ല. പ്രകൃതിയുടെ അഴകിനെ കണ്ണുകൊണ്ടുപോലും ഒപ്പിയെടുക്കുന്നവൻ കള്ളനാണെന്ന് പറയാൻ മാത്രം വിശുദ്ധി എനിക്കില്ല. ആത്മീയതയുടെ ആഘോഷം ലാളിത്യത്തിന്റെ മേമ്പൊടിയോടെ ശുഭചിന്തകളുടെ പുതുവർഷം ജനിപ്പിക്കട്ടെ. ●

**കവിത**

# പ്രേരണ



**സിബി ബാബു**
മലയാളം അധ്യാപിക
ഷേൺസ്റ്റാട്ട് അക്കാദമി, ആളൂർ

ഒരുപ്രേരണയായ് ജീവിതവഴികളിൽ
അതെന്നും എന്നിൽ കുടികൊള്ളുന്നു
ഒന്നിന്റെയും അവസാനമല്ലത്
എല്ലാറ്റിന്റെയും ആരംഭം
എല്ലാം നഷ്ടപ്പെടുമ്പോഴും
ഒരു പ്രേരകശക്തിയായ്....
ആദിരൂപമായ് അതെന്നിൽ
നിറഞ്ഞുനിൽക്കുന്നു
സമർപ്പണബുദ്ധിയോടെ കർമ്മ
മണ്ഡലങ്ങളിൽ ചലിക്കുവാൻ
അതെനിക്ക് പ്രേരണയായ്
എന്നിലെ സ്വപ്നങ്ങൾക്കും
ആഗ്രഹങ്ങൾക്കും ചിറകേകുന്ന ഒന്ന്
വിശ്വാസത്തിൽ നിന്ന് ഉയർന്നുവരുന്നു ഇത്
ഹൃദയത്തിന്റെ ഒരു ഭാവമായ്
കനൽവഴികളിൽ ഒരു നീർത്തുള്ളിയായ്
മുൾപ്പരപ്പിൽ ഒരു പനിനീർപുഷ്പമായ്
മരണമെന്ന യാഥാർത്ഥ്യത്തെപ്പോലും
എന്നിലെ 'പ്രത്യാശ' പുതു
പ്രതീക്ഷയായ് മാറുന്നു.
വേദനയുടെ തീച്ചൂളയിൽ ഞാൻ വീഴുമ്പോഴും
ഒരു പ്രതീക്ഷയായ്...
സത്യത്തിന്റെ മുഖമായ്...
നന്മയുടെ പ്രതീകമായ്...
വിശ്വാസത്തിന്റെ ഉയർത്തെഴുന്നേൽപ്പായ്...
അതെന്നിൽ കുടികൊള്ളുന്നു.

"ദൈവം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ദൈവമാണ്"





## ചിരിക്കാൻ ചിന്തിക്കാൻ

ക്രിസ്തുമസ്സിനോടൊരുക്കമായി വികാരിയച്ചൻ കുട്ടികളോടു പറഞ്ഞു. ഇനി ഒരുക്കത്തിന്റെ സമയമാണ്. എല്ലാവരും മുടങ്ങാതെ പള്ളിയിൽ വരണം, പ്രാർത്ഥിക്കണം കൊച്ചു കൊച്ചു ത്യാഗങ്ങളിലൂടെ ഉണ്ണീശോയെ പ്രീതിപ്പെടുത്തണം, ഉണ്ണീശോയ്ക്കായ് ഹൃദയത്തിൽ സ്ഥലമൊരുക്കണം. ഈ പ്രാവശ്യം പള്ളിയിലെ പുൽക്കൂടു നിർമ്മാണത്തിൽ എല്ലാ കുട്ടികളും ഉണ്ടാകണം പള്ളിയിൽ ഉണ്ണീശോയുടെ രൂപത്തിന്റെ മുൻപിൽ തന്നെ നമുക്ക് പുൽക്കൂടു ഉണ്ടാക്കാം. എത്രമാത്രം ഒരുങ്ങി നമ്മൾ പുൽക്കൂടു നിർമ്മിക്കുന്നുവോ അത്രമാത്രം അനുഗ്രഹവും സന്തോഷവും ലഭിക്കും. നിങ്ങൾ എന്തു ചോദിക്കുന്നുവോ അതെല്ലാം ഉണ്ണീശോ നിങ്ങൾക്കു നൽകും. കുട്ടികൾക്കു സന്തോഷമായി എല്ലാവരും പുൽക്കൂടുനിർമ്മാണത്തിന്റെ തിരക്കിലായി. വളരെ മനോഹരമായ പുൽക്കൂടു അവർ നിർമ്മിച്ചു. ക്രിസ്തുമസ് കഴിഞ്ഞ് പിറ്റേദിവസം കുട്ടികൾ അച്ചനെ കാണാനെത്തി. ഉണ്ണീശോയോടു പ്രാർത്ഥിച്ചതിന്റെ ഫലമായി അവർക്ക് കിട്ടിയ അനുഗഹങ്ങളെക്കുറിച്ച് ഓരോരുത്തരായി വിവരിച്ചു. ജോസൂട്ടനു ഒന്നും പറയാനുണ്ടായില്ല. അച്ചൻ ജോസൂട്ടനോടു ചോദിച്ചു; നിനക്കു മാത്രം ഒന്നു കിട്ടിയില്ലേ.

ജോസൂട്ടൻ : ഇല്ലച്ചോ

അച്ചൻ ചോദിച്ചു നീ എന്താണ് ഉണ്ണീശോയോടു ചോദിച്ചത്? ഒരു കളർ ബോക്സ് എന്ന് അവൻ പറഞ്ഞു. ആ നിഷ്കളങ്ക മറുപടി കേട്ടപ്പോൾ അച്ചൻ അവനോടു പറഞ്ഞു എന്നാ ജോസൂട്ടൻ ഒരു കാര്യം ചെയ്യ് എല്ലാ ദിവസവും നമ്മുടെ പള്ളിയിലിരുന്ന് ഒരു മണിക്കൂറ് നന്നായി പ്രാർത്ഥിക്ക്, ഉണ്ണീശോ നിനക്ക് കളർ ബോക്സ് നൽകും. ജോസൂട്ടൻ പ്രാർത്ഥന തുടങ്ങി മൂന്നാം ദിവസമായപ്പോൾ തന്റെ മുമ്പിലൊരു കളർബോക്സ്! അവൻ ആ കളർ ബോക്സെടുത്തു തുള്ളിച്ചാടി അച്ചനെ കാണിച്ചുകൊടുത്തു. അവൻ അങ്ങനെ പ്രാർത്ഥന പതിവാക്കി. എല്ലാ ദിവസവും അവൻ ആഗ്രഹിച്ച സമ്മാനങ്ങൾ അവനു കിട്ടിത്തുടങ്ങി. കൊച്ചു കൊച്ചു ആഗ്രഹങ്ങളായിരുന്നു അവന്റേത്. അതീവസന്തോഷവാനായ ജോസൂട്ടൻ ഉച്ചത്തിൽ ഉണ്ണീശോയോടു നാളെ എനിക്ക് നീ ഒരു കളർ ടി. വി. നൽകണം. പ്രാർത്ഥന കേട്ടതോടെ ഉണ്ണീശോയുടെ രൂപത്തിന്റെ പുറകിലിരുന്ന വികാരിയച്ചന്റെ ഉള്ളിൽ ലഡു പൊട്ടി. ഇത്രയും ദിവസം അവൻ അവശ്യപ്പെട്ടത് കൊച്ചു കൊച്ചു കാര്യങ്ങളായിരുന്നു. അതെല്ലാം വികാരിയച്ചന് സാധ്യമായ കാര്യങ്ങളായിരുന്നു. ഇപ്പോഴോ, വലിയ കാര്യങ്ങളിലാണ് അവന്റെ ശ്രദ്ധ. ഇങ്ങനെപോയാൽ എന്റെ കീശ കീറിയതുതന്നെ. ഇതിനു പരിഹാരം കാണാൻ അച്ചൻ തല പുകഞ്ഞാലോചിച്ചു, പ്രാർത്ഥിച്ചു. അവസാനം അച്ചന്റെ മനസ്സിൽ ഒരാശയം ഉദിച്ചു. പതിവുപോലെ ജോസൂട്ടൻ പ്രാർത്ഥിക്കാൻ വന്നു. പ്രാർത്ഥന കഴിഞ്ഞപ്പോൾ ജോസൂട്ടന്റെ മുമ്പിൽ ഒരു പേപ്പർ. അത് ഒരു കത്തായിരുന്നു.

സ്നേഹം നിറഞ്ഞ ജോസൂട്ടാ,

ഇത്രയും ദിവസം നീ ചോദിക്കുന്നതൊക്കെ ഞാൻ നിനക്കു തന്നു. നിനക്കും സന്തോഷമായി, എനിക്കും സന്തോഷമായി. ഇപ്പോൾ നീ ഒരു ടി. വി.യാണ് ചോദിച്ചത്. എനിക്ക് ഒരു പാട് താൽപര്യമുണ്ട് നിനക്ക് ഒരു ടി. വി. സമ്മാനിക്കാൻ പക്ഷേ എന്തുചെയ്യാനാ ജോസൂട്ടാ. സ്വർഗ്ഗത്തിൽ ജി. എസ്. ടി. ക്കെതിരെ ഹർത്താൽ നടക്കുകയാണ്. ഇനി എന്ന് കട തുറക്കുമെന്ന് എനിക്കറിയില്ല... സ്വർഗ്ഗത്തിലെ കളക്ഷൻസ് എല്ലാം തീർന്നു. നീ എന്തായാലും പ്രാർത്ഥന തുടർന്നോളൂ.

സ്നേഹപൂർവ്വം, ഉണ്ണീശോ

ജോസൂട്ടനു സങ്കടമായി ജി. എസ്. ടി. ക്കെതിരെ അവൻ പിറുപിറുത്തു. വികാരിയച്ചനാണേൽ സന്തോഷമായി ഇങ്ങനെയെങ്കിലും ജി. എസ്. ടി. കൊണ്ട് ഒരു ഉപകാരമുണ്ടായല്ലോ.

**നമുക്കൊന്നു കാതോർക്കാം**

'മനുഷ്യൻ ആഗ്രഹിക്കുന്നു ദൈവം വിധിക്കും'.

JK


പ്രവാചക ചരിത്രം

ഡോ. ജോയ് പുതുശ്ശേരി ISch



# മിൽവോക്കിയിലേക്ക്

അടുത്ത ദിവസം മിൽവോക്കി വിമാനത്താവളത്തിൽ അദ്ദേഹം ഇറങ്ങി. മിച്ചിഗൺ തടാകത്തിന്റെ തീരത്തുള്ള ഒരു വൻനഗരമായിരുന്നു അത്. മൂന്നു വലിയ ദേശീയഗ്രൂപ്പുകൾ - വടക്കേ അമേരിക്കക്കാർ, ജർമ്മൻകാർ, പോളിഷ് ജനത- ആ നഗരത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. എൻജിനീയറിംഗ് സാമഗ്രികൾക്ക് പ്രസിദ്ധി കേട്ടതാണ് ഈ നഗരം. ഈശോസഭക്കാർ നടത്തുന്ന മാർക്യാറ്റ് സർവ്വകലാശാലയും അവിടെയുണ്ട്. ഒരു പ്രൊവിൻഷ്യൽ ഭവനം പള്ളോട്ടിൻ സഭ അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഫാ. ഹാസ് ആയിരുന്നു അന്നത്തെ പ്രൊവിൻഷ്യൽ സുപ്പീരിയർ. കെന്റണിക്കച്ചന് 66 വയസ്സായി. അദ്ദേഹത്തിന്റെ മുടിയും താടിയും മുഴുവൻ നരച്ചു. പക്ഷേ അദ്ദേഹം ക്ഷീണിതനായിരുന്നില്ല. "ദൈവത്തെ സഹായിക്കുന്നവർ എപ്പോഴും ശാന്തരും ഭയരഹിതരും ആയിരിക്കും. ജയിലിലും കോൺസൻട്രേഷൻ ക്യാമ്പിലും ഞാൻ ദൈവത്തോടൊപ്പമായിരുന്നു. അതുകൊണ്ട് എപ്പോഴും ഞാൻ ശാന്തനായിരുന്നു. നമുക്ക് വേണ്ടത്ര ക്ഷമയാണ് ആവശ്യം. ദൈവത്തിൽ വിശ്വസിക്കുക, ദൈവത്തെ സേവിക്കുക, ദൈവത്തിന്റെ ജോലി മുഴുവനാക്കുക."




'ഹോളിക്രോസ്' ഇടവകയിലെ ബ്ലൂമൗണ്ട് റോഡിൽ 5424 നമ്പർ ഹൗസിൽ ആണ് ഫാ. കെന്റണിഹ് താമസിച്ചിരുന്നത്. എതിർവശത്തായി കാൽവരി സെമിത്തേരിയുടെ വലിയ പാർക്ക് കാണാം. വസന്തകാലത്ത് അവിടം പച്ച കൊണ്ട് മൂടിയിരിക്കും. ശൈത്യകാലത്ത് മഞ്ഞു പുതപ്പ് വിരിച്ച മാതിരിയാണ്. കുറച്ചു വീതിയുള്ള വഴികളും കുറേ ഇടുങ്ങിയ വഴികളും സെമിത്തേരിയിലേയ്ക്ക് നയിക്കുന്നു. അവിടവിടെയായി ഓടിക്കളിക്കുന്ന അണ്ണാറക്കണ്ണന്മാർ ചലനാത്മകമായ ജീവിതത്തിന്റെ പ്രതിനിധികളായി. 13 കൊല്ലത്തോളം എല്ലാ ദിവസവും ഫാ. കെന്റണിഹ് സെമിത്തേരിയിലേയ്ക്ക് പോകാറുണ്ട്. മിക്കപ്പോഴും ഒറ്റയ്ക്കാണ് പോയിരുന്നത്. ചിലപ്പോൾ ഏതെങ്കിലും സന്ദർശകരുണ്ടാകും. പള്ളിയുടെ ഒരു വശത്ത് ഇടവക സ്കൂൾ, മറുവശത്ത് വിസ്കോൺസിൻ അവന്യൂവിന് അഭിമുഖമായി വലിയ പുൽത്തകിടി. നന്നായി നോക്കിയിരുന്നതുകൊണ്ട് അത് എപ്പോഴും പച്ച പിടിച്ചു നിൽക്കും. ഫാ. കെന്റണിഹ് അവിടെയെത്തി രണ്ടുവർഷത്തിനുശേഷം 1954-ൽ പള്ളോട്ടൈൻ സഭാസമൂഹത്തിന്റെ ഭവനത്തിന് പിന്നിലായി മാതാവിനുവേണ്ടി ഒരു കപ്പേള പണിതു. അതിനുശേഷം അദ്ദേഹം എല്ലാ ദിവസവും, ശൈത്യമായാലും വസന്തമായാലും, കൃത്യം പുലർച്ചെ 5.50 ന് അവിടെ ദിവ്യബലി അർപ്പിക്കും. ഒഴിവുസമയങ്ങളിൽ അദ്ദേഹം ക്രോണിക്കിൾസ്, നോട്ട്സ്, കമന്ററീസ് അങ്ങനെ പലതും എഴുതും.

"അന്ധകാരത്തിലും രാത്രിയും ദൈവം എന്റെ കൂടെ ഉണ്ടായിരിക്കും. കാരണം, ദൈവത്തിന്റെ സ്നേഹം എപ്പോഴും എന്നെ സംരക്ഷിക്കുന്നു"



1954 ആദ്യത്തിൽ തന്റെ ഒരു സഹപാഠി കുറച്ച് പ്രസംഗങ്ങൾ നൊമ്പുകാലത്തെക്കുറിച്ച് നടത്താൻ അഭ്യർത്ഥിച്ചു. പിന്നീടത് നോമ്പുകാലപ്രസംഗങ്ങൾ (ലെന്റൺ സെർമൺസ്) എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. ഫാ. കെന്റ്ണിഹ് എവിടെ പോയാലും മാതാവിനു വേണ്ടി മിഷൻ പ്രവർത്തനത്തിൽ ഏർപ്പെടും. 1959 ആദ്യത്തിൽ മാർക്യാറ്റ് സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിനി ഷേൺസ്റ്റാട്ടിലെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പറ്റി ഒരു ശാസ്ത്രീയപഠനം തയ്യാറാക്കാൻ, ആ വിഷയത്തെക്കുറിച്ച് പഠിക്കാൻ തീരുമാനിച്ചു. അവളെ സഹായിക്കാൻ ഫാ. കെന്റ്ണിഹ്, വിദ്യാഭ്യാസത്തെപ്പറ്റിയുള്ള എന്റെ തത്വശാസ്ത്രം എന്ന പുസ്തകം എഴുതി. പുതിയ യുഗത്തിന്റെ ദുരന്തത്തിനു കാരണം പിതാവ് എന്ന ബിംബത്തിനുള്ള ദുരന്തമാണ്. അതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ കേന്ദ്രആശയങ്ങളിൽ പരമമായത് പിതാവിന്റെ പുനർജന്മമാണ്. ഫ്രഞ്ചുവിപ്ലവത്തിന്റെ മുദ്രാവാക്യങ്ങളായ സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നിവയുടെ ഫലമായി രാഷ്ട്രീയ-സാമൂഹ്യ-കുടുംബതലങ്ങളിലെ അധികാരശ്രേണിക്ക് പ്രാധാന്യം നഷ്ടപ്പെട്ടു. അതുകൊണ്ടാണ് കുടുംബങ്ങളിൽ പിതാവിന്റെ സ്ഥാനം തിരിച്ചുകൊണ്ടുവരണമെന്ന് കെന്റ്ണിക്കച്ചൻ പറയുന്നത്.



മറ്റൊരു പുസ്തകത്തിൽ അദ്ദേഹം മറ്റൊരു വിഷയം അവതരിപ്പിച്ചു. സഭയുടെ കാരിസവും ഹൈരാർക്കിക്ക് അതിലുള്ള പങ്കും. രണ്ടാം വത്തിക്കാൻ കൗൺസിലിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്ക് ആ വിഷയം വഹിച്ചു (On the relationship in tension between Office and Charism). ഒരു പ്രവാചകന്റെ പങ്കിനെ വളരെ ചാതുര്യത്തോടെ അദ്ദേഹം വിവരിച്ചു. "അപ്പോൾ നിലനിൽക്കുന്ന വ്യവസ്ഥിതിക്ക് എതിരായിട്ടാണ് പ്രവാചകൻ കടന്നുവരിക. അതു സഭയെ നവീകരിക്കാൻ സഹായിക്കുന്നു. എന്നാൽ സഭയിൽ ഒരു പിളർപ്പിനും കാരണമാകുന്നു. സഭയുടെ സമൂഹത്തിൽനിന്നും വേർതിരിഞ്ഞു നിന്നാൽ ഒരു പ്രവാചകൻ മതവിരുദ്ധവാദിയായി മാറുന്നു. അതായത് ഓരോ മതവിരുദ്ധവാദിയും പരാജയപ്പെട്ട പ്രവാചകനാണ്."

ദീർഘകാലത്തെ ഈ നാടുകടലത്തലിന്റെ അവസരത്തിൽ ഫാ. കെന്റ്ണിഹ് കൃത്യനിഷ്ഠയോടുകൂടിയാണ് ദിവസങ്ങൾ ചെലവഴിച്ചിരുന്നത്. എന്നും രാവിലെ 5.50 ന് ദിവ്യബലി അർപ്പിക്കുന്നതു കാരണം ഫാ. കെന്റ്ണിഹ് അതിരാവിലെ തന്നെ ഉണരും. കത്തുകൾക്കു മറുപടി എഴുതുക. സെക്രട്ടറിയുമായി സംഭാഷണത്തിലേർപ്പെടുക. സന്ദർശകരെ സ്വീകരിക്കുക മുതലായവ രാവിലെ ചെയ്യുകയായിരുന്നു. തന്റെ സമൂഹത്തിലെ വൈദികരുമൊത്ത് ഉച്ചഭക്ഷണം കഴിക്കും. അത്താഴം കഴിച്ചിരുന്നില്ല. ചിലിയിലെ സാന്തിയാഗോ അതിരൂപതയിലെ സെമിനാരി റെക്ടറായ ഫാ. ബെഞ്ചമിൻ പേരേര കുറേ മാസങ്ങൾ കെന്റ്ണിക്കച്ചന്റെ ഭവനത്തിൽ ചെലവഴിക്കുകയുണ്ടായി. ഫാ. കെന്റ്ണിഹിന്റെ സാമൂഹ്യ, സാഹോദര്യമനോഭാവത്തെ അദ്ദേഹം വിവരിച്ചു. മറ്റുള്ളവരുമായി അദ്ദേഹം എപ്പോഴും സമ്പർ

"വിശ്വസ്തതയോടെ ഒരുമയിൽ വസിക്കുക, സ്നേഹം എല്ലാറ്റിനെയും കീഴടക്കും എന്ന് ഓർമ്മിക്കുക"



ക്കം പുലർത്തി. പ്രധാനപ്പെട്ട വിഷയങ്ങളൊന്നും ആയിരിക്കില്ലെങ്കിലും മറ്റുള്ളവരുടെ സംഭാഷണങ്ങളിൽ അദ്ദേഹവും പങ്കുചേരും. എല്ലാം അദ്ദേഹത്തിന് പ്രധാനപ്പെട്ടതാണ്. ചിലർ അദ്ദേഹത്തോട് എതിർമനോഭാവം പുലർത്തിയിരുന്നുവെങ്കിലും, എല്ലാവരോടും അദ്ദേഹം സൗമ്യതയോടെ പെരുമാറി.

ഒരു പ്രത്യേകരീതിയിലാണ് അദ്ദേഹം മാതാവിന്റെ പെരുന്നാളാഘോഷം നടത്തിയിരുന്നത്. “ദൈവകൃപയുടെ ദിനങ്ങളായിരുന്നു മാതാവിന്റെ ഓരോ തിരുനാളും”. തിരുനാൾ ദിനങ്ങളിൽ മാതാവിനെപ്പറ്റിയുള്ള വായനയ്ക്ക് അരമണിക്കൂർ അദ്ദേഹം നീക്കിവെച്ചു. മാതാവിനെപ്പറ്റി കുറച്ചുനേരം സെക്രട്ടറി വായിക്കുന്നത് അദ്ദേഹം ശ്രദ്ധിച്ചിരിക്കും. ജീവിതത്തിന്റെ കൂരിരുട്ട് നിറഞ്ഞ ദിനങ്ങളിലൂടെയാണ് കെന്റണിക്കച്ചൻ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. പുറത്തേയ്ക്ക് ഒരു വഴിയുമില്ല. മാതാവുതന്നെ അവസാനം ജയിക്കുമെന്നും അതുവഴി മാതാവിന്റെ കഴിവും ദയയും വിശ്വാസവും ഒരിക്കൽക്കൂടി വെളുപ്പെടുത്തുമെന്നും അദ്ദേഹം വിശ്വസിച്ചു. “മാതാവ് സ്വയം മഹത്വപ്പെടുത്തും”. അദ്ദേഹം പറയാറുണ്ട്. “നമ്മൾ ക്ഷീണിതരും നിരാശരും ആകരുത്. നമ്മുടെ ഭാഗം ശരിയായി നിർവ്വഹിക്കുക. എന്റെ മോചനത്തിന് മാതാവ് തന്നെ വഴിയൊരുക്കും അങ്ങനെ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിനും മോചനം ലഭിക്കും.” 1958-ൽ അദ്ദേഹത്തിന് 73 വയസ്സ് തികഞ്ഞപ്പോൾ ആശംസകൾ നേർന്ന ഒരു ചെറിയ സമൂഹത്തോട് അദ്ദേഹം നന്ദി പറയുകയും മരിയൻമിഷനെപ്പറ്റി സംസാരിക്കുകയും ചെയ്തു. ക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ലക്ഷ്യംപോലെ ആധുനികലോകത്തിന് പരിശുദ്ധ അമ്മയെ കാണിച്ചുകൊടുക്കുകയാണ് കെന്റണിക്കച്ചന്റെ ലക്ഷ്യം.

സ്നേഹിതരുടെ കൂടെ അദ്ദേഹം മിച്ചിഗൻ കായൽതീരത്ത് ചിലപ്പോൾ പോകാറുണ്ട്. കായൽതീരത്ത് ആരുമില്ലാത്ത നേരത്ത് അങ്ങോട്ട് പോകാൻ അദ്ദേഹത്തിനു ഇഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ സെക്രട്ടറി മരിയ ക്ലെൻമയർ പറയുന്നു, ഒരു പിതാവിനെപ്പോലെ അദ്ദേഹം ഞങ്ങളോടൊപ്പം സന്തോഷത്തിൽ പങ്കുചേരുന്നു. കല്ലുകൾ വെള്ളത്തിൽ എറിഞ്ഞ് അദ്ദേഹം നീർച്ചുഴി സൃഷ്ടിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിലും ഈ പ്രതീകം ഉപയോഗിക്കുമായിരുന്നു. ദൈവജനനിയെ ഒരു നീർച്ചുഴിയോട് ഉപമിക്കുന്നു. ക്രിസ്തുവിലേയ്ക്ക് നയിക്കുന്ന ഒരു വലിയ ശക്തിയായി ഇതിനെ വിശേഷിപ്പിക്കുന്നു. മാതാവിന്റെ ശക്തിയെയും ശ്രേഷ്ഠതയെയും പറ്റി പറയുമ്പോൾ മാതാവിനെ ഒരു വലിയ സമുദ്രത്തോട് ഉപമിക്കും. അതിന്റെ ഒരു തീരം നാം കാണുന്നു. മറ്റേ തീരം നമുക്ക് അദൃശ്യമാണ്.

മാതാവിന്റെ ആഢ്യത്വത്തിനും കുലീനതയ്ക്കും അവസാനമില്ല. സമയം ശരിക്കും ഉപയോഗിക്കുന്നതുകൊണ്ട് അദ്ദേഹത്തിനടുത്തുവരുന്നവരോട് സംസാരിക്കാൻ സമയം കിട്ടും. എല്ലാവരെയും വ്യക്തിപരമായി സ്വീകരിക്കും. 1958-ലെ ക്രിസ്മസ്സിന് ചിലിയിലെ ഒരു എഞ്ചിനീയർ, വിക്ടർ അലാമസ്, ഹോളിക്രോസ് ഇടവകയിൽ ഒരാഴ്ച അതിഥിയായി താമസിച്ചു. ഫാ. കെന്റണിഹുമായി അദ്ദേഹം വിവിധ വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്തു. ഒരവസരത്തിൽ അദ്ദേഹം ഫാ. കെന്റണിഹിന്റെ മുറിയിൽ പ്രവേശിച്ചപ്പോൾ ഡസ്കിൽ ഒരു പാത്രം മുന്തിരി ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു: ഞാൻ അടുക്കളയിൽ പോയി നിങ്ങൾക്കുവേണ്ടി കുറച്ചു മുന്തിരി എടുത്തുകൊണ്ടുവന്നു. “മറ്റൊരിക്കൽ വിവാഹജീവിതത്തെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്തശേഷം കെന്റണിക്കച്ചൻ വിക്ടറിനോട് പറഞ്ഞു: “ഇന്നു നിന്റെ കൂട്ടുകാരിയെ സ്വപ്നം കാണാൻ കഴിയട്ടെ.”





## ബാലദൂത്

# ഉണ്ണീശോ നൽകിയ പുൽക്കൂട്

ക്രിസ്മസിന് പുൽക്കൂട് മനോഹരമായി അലങ്കരിക്കണമെന്നും തിളങ്ങുന്ന നക്ഷത്രങ്ങൾ തൂക്കണമെന്നും ജോയേലും ജെറിനും തീരുമാനിച്ചിരുന്നു. ഡിസംബർ ആദ്യമെ തന്നെ പ്രാർത്ഥിച്ചും കൊച്ചുത്യാഗങ്ങൾ ചെയ്തും ഉണ്ണിയെ വരവേൽക്കാൻ ഒരുങ്ങി. എന്നാൽ ആ നാളുകളിൽ പല ദിവസങ്ങളിലും അവരുടെ പപ്പയ്ക്കു ജോലി ഉണ്ടായിരുന്നില്ല. പപ്പയുടെ കയ്യിൽ പണമില്ലായെന്ന് മനസ്സിലായതിനാൽ ഇപ്രാവശ്യം കാര്യമായ ആഘോഷങ്ങളൊന്നും വേണ്ടെന്ന് ഇരുവരും തീരുമാനിച്ചു. പണമില്ലാത്തതിനാൽ മക്കളുടെ ആഗ്രഹം സാധിച്ചുകൊടുത്തില്ലല്ലോ എന്നുള്ള വിഷമം പപ്പയ്ക്കും മമ്മിക്കും ഉണ്ടാകാതിരിക്കാനാണ് അവർ അങ്ങനെ തീരുമാനിച്ചത്. ക്രിസ്മസിന്റെ തലേന്ന് സന്ധ്യാപ്രാർത്ഥനയ്ക്ക് ബൈബിൾ വായിച്ചത് ഇളയവനായ ജെറിനായിരുന്നു. സത്രത്തിൽ ഇടം ലഭിക്കാതിരുന്നതിനാൽ കാലിത്തൊഴുത്തിൽ ഉണ്ണീശോയെ പ്രസവിക്കുന്ന ഭാഗമായിരുന്നു വായിച്ചത്.



“എന്നാലും ഉണ്ണീശോ എത്രമാത്രം തണുപ്പ് അനുഭവിച്ചിട്ടുണ്ടാകും” ബൈബിൾ അടച്ചുകൊണ്ട് അവൻ പറഞ്ഞു. പെട്ടെന്ന് ആരോ കതകിൽ മുട്ടുന്ന ശബ്ദം കേട്ടു. അമ്മയാണ് വാതിൽ തുറന്നത്. മുറ്റത്ത് തണുത്ത് വിറച്ച് നിൽക്കുന്ന ഒരു കുട്ടിയെയാണ് കണ്ടത്. ഭക്ഷണം കഴിച്ചിട്ടില്ലെന്ന് അവന്റെ മുഖഭാവം പറയുന്നുണ്ടായിരുന്നു. അവർ അവനെ അകത്തേയ്ക്കു വിളിച്ചു. അവനും കുറച്ച് കഞ്ഞി വിളമ്പി ചേട്ടനും അനിയനും അവരുടെ പാത്രത്തിൽ നിന്നും കുറച്ചുകൂടി ആ കുട്ടിക്ക് നൽകി. തണുപ്പുള്ള രാത്രിയിൽ അവനെ എങ്ങനെയാണ് പറഞ്ഞയയ്ക്കുക എന്ന ചിന്ത ആ കുടുംബത്തിനുണ്ടായി.

“ഞങ്ങൾ ഇന്ന് നിലത്തുകിടന്നു കൊള്ളാം” അവനെ ഞങ്ങളുടെ കട്ടിലിൽ കിടത്തിക്കോളൂ. രണ്ടുപേരുംകൂടിയാണ് പറഞ്ഞത്. തണുത്തുവിറച്ചിരുന്ന ആ കുട്ടി സന്തോഷത്തോടെ കട്ടിലിൽ കിടന്നു.

എല്ലാവരും ഉറക്കത്തിലായി. കുറച്ചുകഴിഞ്ഞപ്പോൾ മനോഹരമായ സംഗീതം കേട്ടാണ് ജോയേൽ കണ്ണുതുറന്നത്. അവരുടെ വീടിനുചുറ്റും അനേകം നക്ഷത്രങ്ങളും മനോഹരമായ ലൈറ്റുകളും സുഗന്ധം പരത്തുന്ന ക്രിസ്മസ്ട്രീയും പ്രകാശം പരത്തിക്കൊണ്ടിരിക്കുന്നു. താൻ കാണുന്നത് സ്വപ്നമാണോയെന്ന് അവന് സംശയമായി. അവൻ അനിയനെ കുലുക്കിവിളിച്ചു ചാടിയെഴുന്നേറ്റ ജെറിൻ മുറ്റത്തേയ്ക്ക് കൈചൂണ്ടിക്കൊണ്ട് അതാ നമ്മുടെ മുറ്റത്ത് ഒരു പുൽക്കൂട്. അതിഥിയായി കടന്നുവന്ന കൂട്ടിയെ കൂടി കാണിക്കാമെന്ന് വിചാരിച്ച് അവന്റെ കട്ടിലിന്റെ അടുത്ത് ചെന്നപ്പോൾ കിടക്കയിൽ ആ



തൃശ്ശൂർ അതിരൂപതയുടെ
പുതിയ സഹായ മെത്രാനായി
ചുമതലയേറ്റ അഭിവന്ദ്യ
**മാർ ടോണി നീലങ്കാവിൽ** പിതാവിന്
മരിയദൂതിന്റെ പ്രാർത്ഥനാശംസകൾ.

കുട്ടി ഉണ്ടായിരുന്നില്ല. അവർ പുറത്തേയ്ക്ക് നോക്കുമ്പോൾ മുറ്റത്തുനിന്ന് കൈവീശിക്കൊണ്ട് കടന്നുപോകുന്ന ഉണ്ണീശോയെയാണ് കണ്ടത്.

തങ്ങളുടെ വീട്ടിൽ അനാഥനായി വന്ന ആ കുട്ടി ഉണ്ണീശോ ആയിരുന്നുവെന്ന് അവർക്ക് മനസ്സിലായി.

പ്രിയ കൂട്ടുകാരെ, "നന്മ ചെയ്യുന്നവർക്ക് സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ നമ്മൾ നിസ്സാരമെന്ന് കരുതുന്നവ ദൈവസന്നിധിയിൽ ഒത്തിരി വിലപ്പെട്ടിരിക്കുന്നു. ആയതിനാൽ, ചെറിയ കാര്യങ്ങൾ കൂടുതൽ സന്തോഷത്തോടെ ആത്മാർത്ഥതയോടെ നമുക്ക് ചെയ്യാം. അപ്പോൾ ഈശോ നമ്മുടെ ഹൃദയത്തിലും വന്നു പിറക്കും. ഈശോയെ ലോകത്തിനു കാണിച്ചുകൊടുക്കാൻ നമുക്ക് ആകണം. കുട്ടികളായ നമുക്ക് എപ്പോഴും ജാഗ്രതയോടെ ഉണർന്നിരിക്കാം. ജോയേലിനെയും ജെറിയെയും പോലെ നമ്മുടെ മാതാപിതാക്കളുടെ ഇല്ലായ്മ മനസ്സിലാക്കി പ്രവർത്തിക്കാനും ആവശ്യമില്ലാതെ വാശിപിടിക്കുന്നവരാകാതെ ഉള്ളതുകൊണ്ട് നന്നായി ജീവിക്കുവാനും, കഴിയുംവിധം മറ്റുള്ളവരെ സഹായിക്കുവാനും ഉണ്ണിയേശുവിന്റെ പിറവിക്കായി കാത്തിരിക്കുന്ന ഈ ദിനങ്ങളിൽ നമുക്ക് പരിശ്രമിക്കാം. ഉണ്ണിയേശുവിന്റെ സന്തോഷവും സമാധാനവും നമ്മുടെ കുടുംബത്തിലും നമ്മുടെ കൂട്ടുകാരിലും നിറയുന്നതിനായി പ്രാർത്ഥിക്കാം. ഉണ്ണീശോയെ സ്വീകരിക്കാൻ പ്രാർത്ഥിച്ചും കൊച്ചു ത്യാഗങ്ങൾ സഹിച്ചും നമുക്ക് ഒരുങ്ങാം. അങ്ങനെ ഈശോയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട മക്കളായി നമുക്ക് ജീവിക്കാം. അതിനുള്ള അനുഗ്രഹം ഉണ്ണീശോ നിങ്ങൾക്കു നൽകട്ടെ.

"എല്ലാ കൂട്ടുകാർക്കും ഉണ്ണീയേശുവിന്റെ ജന്മദിനാശംസകൾ".

നിങ്ങളുടെ ദോസ്ത്





# ഹൃദയമൊഴി

ഡോ. ജോയ് പുതുശ്ശേരി ISch

**സൗ**ത്ത് ആഫ്രിക്കയുടെ ചില ഗോത്രവർഗ്ഗങ്ങളിൽ നിലനിൽക്കുന്ന ഒരു ആചാരമാണ് ഉബുന്ധു. ആരെങ്കിലും ഒരാൾ വലിയ തെറ്റ് ചെയ്താൽ, ഗ്രാമത്തിന്റെ നടുവിലേയ്ക്ക് തെറ്റ് ചെയ്ത വ്യക്തിയെ കൊണ്ടുവരും. ആ ഗോത്രത്തിലെ എല്ലാവരും ആ വ്യക്തിക്ക് ചുറ്റും ഇരിക്കും. അവരെല്ലാവരും ആ മനുഷ്യൻ ചെയ്തിട്ടുള്ള എല്ലാ നല്ല കാര്യങ്ങളെയുംകുറിച്ച് പറയാൻ തുടങ്ങും. ഇത് രണ്ട് ദിവസം നീണ്ടുനിൽക്കും. അടിസ്ഥാനപരമായി എല്ലാവരും നല്ലവരാണെങ്കിലും അവർക്ക് തെറ്റ് പറ്റാം. ഒരാൾ തെറ്റ് ചെയ്യുന്നതിനെ അവർ മനസ്സിലാക്കുന്ന രീതി വളരെ വ്യത്യസ്തമാണ്. തെറ്റ് സംഭവിക്കുന്നതിനെ സഹായത്തിനുള്ള ഒരു നിലവിളി ആയിട്ടാണ് അവർ കാണുന്നത്. രണ്ട് ദിവസം മുഴുവനും ഒരു വ്യക്തിയുടെ നന്മയെക്കുറിച്ച് പറയുന്നതിലൂടെ, ആ വ്യക്തിയുടെ നന്മ വീണ്ടെടുക്കാനായിട്ട് കഴിയുമെന്നാണ് അവരുടെ ഈ ആചാരത്തിന്റെ അടിസ്ഥാനം. ലജ്ജയെക്കാളും ശിക്ഷയെക്കാളും ഉപരി ഒരു വ്യക്തിയിലുള്ള നന്മയെ ഊട്ടിയുറപ്പിക്കുന്നതിലൂടെ നമ്മുടെ സ്വഭാവത്തെ മാറ്റാനുള്ള കഴിവുണ്ടെന്നാണ് അവരുടെ വിശ്വാസം. ഉബുന്ധു എന്ന വാക്കിന്റെ അർത്ഥം അപരനോടുള്ള മനുഷ്യത്വം എന്നാണ്. ആത്യന്തികമായി ഓരോ മനുഷ്യനിലും നിറഞ്ഞിരിക്കുന്ന നന്മയെ ഓർമ്മപ്പെടുത്തുന്നതാണ് ഈ ആചാരം.



ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനഃശാസ്ത്രപഠനത്തിൽ ആവിർഭവിച്ച മനഃശാസ്ത്രം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത് മനുഷ്യന് പറ്റുന്ന തെറ്റുകളെക്കുറിച്ചായിരുന്നു (What is wrong with people). എന്നാൽ പോസിറ്റീവ് സൈക്കോളജിയിൽ നാം പഠിക്കുന്നത് മനുഷ്യന്റെ നന്മകളെക്കുറിച്ചാണ് (What is right with people) മനുഷ്യന്റെ ചിന്തകളെയും പ്രവർത്തികളെയും പോസിറ്റീവ് ആയി അപഗ്രഥിക്കുകയാണെങ്കിൽ വ്യക്തികളിലും കുടുംബങ്ങളിലുംസമൂഹത്തിലും വളർച്ച കൂടുതൽ സാദ്ധ്യമാകുമെന്നാണ്. പോസിറ്റീവ് സൈക്കോളജിയുടെ ആരംഭകരിൽ ഒരാളായ മാർട്ടിൻ സേലിംഗ്മാന്റെ അഭിപ്രായം. നമ്മിലുള്ള തിന്മകളെയോ പോരായ്മകളെയോ കുറിച്ച് ആവലാതിപ്പെടാതെ നമ്മിലുള്ള നന്മകളെ, കഴിവുകളെ വളർത്താൻ നോക്കുക.

അപരനോടുള്ള മനുഷ്യത്വം അവന്റെ നന്മയിൽ വിശ്വസിക്കുന്നതാണ്. മനുഷ്യന്റെ നന്മയിലുള്ള ദൈവത്തിന്റെ വിശ്വാസത്തിന്റെ കൈയൊപ്പാണ് തിരുപ്പിറവി. നമ്മുടെ ചിന്തയിൽ നന്മകളുടെ വസന്തം വിരിയിക്കുവാൻ സാധിക്കുകയാണെങ്കിൽ തീർച്ചയായിട്ടും അതിന്റെ പ്രതിഫലനങ്ങൾ മറ്റുള്ളവരോടുള്ള നമ്മുടെ ഇടപെടലുകളിൽ കാണുവാൻ സാധിക്കും.

"ദൈവത്തിനു ഒരാത്മാവിനെ ഉപയോഗപ്പെടുത്തണമെന്നുണ്ടെങ്കിൽ അവിടുന്ന് അതിനെ ആദ്യം മനുഷ്യന്റെ കണ്ണിൽ ഉപയോഗമില്ലാതാക്കിമാറ്റുന്നു"



# വാർത്താജാലകം

❖ **കലാകായികമത്സരങ്ങൾ**

വിദ്യാർത്ഥികളുടെ കലാകായികകഴിവുകൾ വളർത്തുന്നതിനായി കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയിൽ 2017 സെപ്തംബർ 19,20,27 തിയ്യതികളിൽ വിവിധ മത്സരഇനങ്ങൾ സംഘടിപ്പിച്ചു.

❖ **ഗാന്ധിജയന്തി അനുസ്മരണം**

ഒക്ടോബർ 2-ാം തിയ്യതി ഷേൺസ്റ്റാട്ട് കോളേജുകളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ഗാന്ധിജയന്തിദിനത്തിൽ ശുചിത്വദിനമായി ആചരിച്ചു.

❖ **ജപമാലമാസം**

ഒക്ടോബർ മാസത്തിലെ എല്ലാ ദിവസവും ഷേൺസ്റ്റാട്ട് അക്കാദമിയിലെ വിദ്യാർത്ഥികൾ ജപമാലയിൽ പങ്കുകൊള്ളുകയും ഒക്ടോബർ 31-ാം തിയ്യതി ജപമാല സമാപനം ഭക്തിനിർഭരമായി ആചരിക്കുകയും ചെയ്തു.

❖ **പ്രസാദവരനാഥയുടെ കപ്പേളതിരുനാൾ**

മാണ്ഡ്യരൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒക്ടോബർ 18-ാം തിയ്യതി വിശുദ്ധ കുർബ്ബാനയർപ്പിച്ച് കുറ്റൂരിലുള്ള പ്രസാദവരനാഥയുടെ ഷേൺസ്റ്റാട്ട് കപ്പേളയുടെ തിരുനാൾ ആഘോഷിച്ചു. തുടർന്ന് ഭക്തിനിർഭരമായ ജപമാലപ്രദക്ഷിണവും ആരാധനയും നടത്തി. തൃശ്ശൂർ അതിരൂപതയുടെ പുതിയ സഹായമെത്രാനായി സ്ഥാനമേറ്റ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പരിശുദ്ധ കുർബ്ബാനയുടെ ആശീർവ്വാദം നൽകി മുൻ സാഗർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് നീലങ്കാവിൽ പിതാവ് തന്റെ അനുഗ്രസാന്നിദ്ധ്യം കൊണ്ട് വിശ്വാസികളെ അനുഗ്രഹിക്കുകയും ചെയ്തു.

❖ **ആളൂരിൽ പ്രസാദവരനാഥയുടെ തിരുനാൾ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒക്ടോബർ 21-ാം തിയ്യതി ആളൂർ പ്രസാദവരനാഥ ദേവാലയത്തിൽ ബലിയർപ്പിച്ച് തിരുനാൾ ആശംസകൾ നല്കി വിശ്വാസികളെ അനുഗ്രഹിച്ചു.

❖ **തിരുപ്പട്ട സ്വീകരണം**

ഡീക്കൻ സാജൻ പുത്തൂർ 2017 നവംബർ 12-ാം തിയ്യതി താന്ന്യം സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽവച്ച് തൃശ്ശൂർ അതിരൂപത സഹായമെത്രാനായിരുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ കൈവയ്പ്പുവഴി പൗരോഹിത്യം സ്വീകരിക്കുകയും പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു.

❖ **ഹോംഡേ**

ഷേൺസ്റ്റാട്ട് ഫാദേഴ്സിന്റെ ആലുവ റീജനൽ ഹൗസിലും ആളൂർ മൈനർ സെമിനാരിയിലും ഹോംഡേ ആഘോഷങ്ങൾ നടത്തി.

❖ **കോളേജ് ഡേ**

വർണ്ണാഭമായ കലാപരിപാടികളോടെ 2017 നവംബർ 21-ാം തിയ്യതി കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയുടെ രണ്ടാം വാർഷികം ആഘോഷിച്ചു. സാമൂഹ്യ-രാഷ്ട്രീയ-കലാകരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖവ്യക്തികൾ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേർന്നു. കോളേജ് മാഗസിന്റെ പ്രകാശനവും പ്രസ്തുത ചടങ്ങിൽ നിർവ്വഹിച്ചു.

❖ **'ഒരു പ്രവാചകന്റെ കൂടെ'**

ഡോ. ജോയി പുതുശ്ശേരി എഴുതിയ, അന്തർദേശീയ ഷേൺസ്റ്റാട്ട് പ്രസ്ഥാനങ്ങളുടെ സ്ഥാപകനും പിതാവുമായ ദൈവദാസൻ ഫാ. ജോസഫ് കെന്റണിഹിന്റെ ജീവചരിത്രം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് പ്രകാശനം ചെയ്തു.

"ഓരോ തുള്ളി വെള്ളമിറക്കുമ്പോഴും കോഴി അതിന്റെ കൊക്ക് മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ നമ്മളും എല്ലാ കാര്യങ്ങളിലും ദൈവത്തിലേയ്ക്കു നോക്കുക"






















# ഷേൺസ്റ്റാട്ട് വൈദീക സമൂഹത്തിലേക്ക്

# സ്വാഗതം








അമ്മേ, നിന്റെ ഉപകരണങ്ങളാകുവാൻ ഞങ്ങളിതാ വരുന്നു!
അനുഗ്രഹദാനങ്ങളുടെ ദാതാവായ അമ്മേ, ഞങ്ങളുടെ കുടുംബ
കൂട്ടായ്മയെ ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്കും രാജ്യങ്ങളിൽ നിന്ന്
രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ച് ദൃഢമാക്കണമെ.!

ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകുവാൻ....
മാതാവിന്റെ അപ്പസ്തോലൻമാരാകുവാൻ...
പരി. അമ്മയോടും ഞങ്ങളോടുമൊത്ത് സ്നേഹ ഉടമ്പടിയിൽ ജീവിക്കുവാൻ...
ഫാദർ ജോസഫ് കെന്റണിക്കിനെപ്പോലെ സഭയെ സ്നേഹിക്കുവാൻ
താൽപര്യമുള്ള യുവാക്കളെ ക്ഷണിക്കുന്നു.

**ബന്ധപ്പെടേണ്ട വിലാസം:**

**Vocation Promoter**
Mary Matha Schoenstatt Bhavan
Anathadam, Aloor, Thrissur-680 683
Ph: 0480-2723164

**Vocation Promoter**
Sion Centre, Schoenstatt Fathers
Kuttur P.O., Thrissur, Kerala-680 013
Ph: 0487-2383306

**Vocation Promoter**
Schoenstatt Study House
P.B. No. 618, Aluva-683 102
Ph: 0484-2606450